# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




**മെയ് 19 പന്തക്കുസ്താത്തിരുനാൾ**

Vol. LXXIV May 2024 No. 5


മെയ് 2 ന് മേൽപ്പട്ടശുശ്രൂഷയുടെ
20 വർഷങ്ങൾ പൂർത്തിയാക്കുന്ന
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്
രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

## കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ ദൈവാലയത്തിൽ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിനു നൽകിയ സ്വീകരണം




















ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ഏപ്രിൽ 10 ന്
98-ാം ജന്മദിനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനൊപ്പം
കേക്ക് മുറിച്ച് ആഘോഷിക്കുന്നു.



അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ
പ്രവർത്തനവർഷോദ്ഘാടനവും കർമ്മരേഖാപ്രകാശനവും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**MAY 2024**
**Vol. LXXIV No. 5**

# CONTENTS

സർക്കുലർ ........................................ 339

ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക് ........................................ 348

അറിയിപ്പ് ........................................ 349

ലേഖനം ........................................ 350

വാർത്തകൾ ........................................ 361

ആദരാഞ്ജലികൾ ........................................ 390

അഭിവന്ദ്യപിതാവിന്റെ ഡയറി ........................................ 395

# ഇന്റൻസീവ് ഹോം മിഷൻ

പാലാ രൂപത പ്ലാറ്റിനം ജൂബിലിക്കൊരുക്കമായുള്ള ഇന്റൻസീവ് ഹോം മിഷന്റെ രണ്ട് ബാച്ചുകളുടെയും പരിശീലനം പൂർത്തിയായി. കുടുംബപ്രേഷിതത്വം മുഖ്യ ഉത്തരവാദിത്വമായി സ്വീകരിച്ചിരിക്കുന്ന ഹോളി ഫാമിലി സന്ന്യാസിനീ സമൂഹത്തിന്റെ നേതൃത്വത്തിലാണ് പരിശീലനം പൂർത്തിയായത്. നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വിവിധ സന്ന്യാസിനീസമൂഹങ്ങളിൽനിന്നായി ഇപ്പോൾ പരിശീലനം നേടിയ 306 സമർപ്പിതരും ഹോളി ഫാമിലി സന്ന്യാസിനീ സമൂഹത്തിന്റെ ഡൽഹി, ഇരിങ്ങാലക്കുട പ്രോവിൻസുകളിലെ സിസ്റ്റേഴ്സും കൂടാതെ മുൻകാലങ്ങളിൽ ഇരിങ്ങാലക്കുട ഹോളി ഫാമിലി ഹോം മിഷൻ പരിശീലനം പൂർത്തിയാക്കിയ 100 സമർപ്പിതരുൾപ്പെടെ ഏകദേശം 400 സിസ്റ്റേഴ്സാണ് വിവിധ ഇടവകകളിലേക്ക് ഹോം മിഷന് എത്തിച്ചേരുക. രൂപതയുടെ പ്ലാറ്റിനം ജൂബിലിക്കു തുടക്കംകുറിക്കുന്ന ജൂലൈ 26 ന് മുമ്പുതന്നെ സാധിക്കുന്നിടത്തോളം ഇടവകകൾ ഹോം മിഷൻ നടത്തേണ്ടതാണ്. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഹോം മിഷൻ നടത്തിയ മുപ്പത്തിമൂന്ന് ഇടവകകളിൽ ഇന്റൻസീവ് ഹോം മിഷൻ ഇപ്പോൾ നടത്തേണ്ടതില്ല. ഓരോ ഇടവകയിലും ഹോം മിഷൻ നടത്തുവാൻ നിശ്ചയിക്കപ്പെട്ടിരിക്കുന്ന സന്ന്യാസിനീസമൂഹത്തിന്റെ പേരും അതിനായി നിശ്ചയിക്കപ്പെട്ടിരുക്കുന്ന വ്യക്തിയുടെ നമ്പരും ഇതിനോടൊപ്പം ചേർക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,



**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 27.04.2024

## ഹോം മിഷൻ പാലാ
## വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

→ ഇടവകാംഗങ്ങളെ ആത്മീയമായി നന്നായി ഒരുക്കി വേണം ഹോം മിഷൻ നടത്തുവാൻ.

→ ഹോം മിഷന് ഒരുക്കമായുള്ള പ്രാർത്ഥന ഒരാഴ്ചമുമ്പ് എങ്കിലും ഇടവകദൈവാലയത്തിൽ പരി. കുർബാനയ്ക്കു ശേഷവും ഭവനങ്ങളിൽ സന്ധ്യാപ്രാർത്ഥനയുടെ സമയത്തും നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. പ്രാർത്ഥനയുടെ കോപ്പി ചുവടെ ചേർക്കുന്നു.

→ ഇടവകയിലെ സന്ന്യസ്തഭവനങ്ങളും ഭക്തസംഘടനകളും ഹോം മിഷന്റെ വിജയത്തിനായി പ്രാർത്ഥിച്ച് ഒരുങ്ങുന്നത് അഭികാമ്യമാണ്.

→ ഹോം മിഷൻ നടത്താനായി ഓരോ ഇടവകയ്ക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്ന സന്ന്യാസസമൂഹത്തിലെ ഇൻചാർജ് ഉള്ള സിസ്റ്റേഴ്സുമായി വികാരിയച്ചന്മാർ മുൻകൂട്ടി ആലോചന നടത്തി ഓരോ ദിവസവും സന്ദർശിക്കേണ്ട ഭവനങ്ങളുടെ ലിസ്റ്റും സിസ്റ്റർമാരുടെ എണ്ണവും ഉറപ്പുവരുത്തേണ്ടതാണ്.

→ ഭവനസന്ദർശനം നടക്കുന്ന ദിവസത്തിൽ ഭവനാംഗങ്ങളെല്ലാവരും വി. കുർബാനയിൽ പങ്കെടുക്കുന്നത് നന്നായിരിക്കും. സന്ദർശനത്തിനായി ബഹു. സിസ്റ്റഴ്സ് എത്തുന്ന സമയത്ത് കുടുംബാംഗങ്ങൾ എല്ലാവരും വീടുകളിൽ ഉണ്ടായിരിക്കാനും ശ്രദ്ധിക്കണം.

→ ബഹു. സിസ്റ്റേഴ്സിന് ഭവനസന്ദർശനത്തിനായുള്ള യാത്രാസൗകര്യവും ഭക്ഷണവും താമസസൗകര്യവും വികാരിയച്ചന്മാർ ക്രമീകരിക്കാൻ ശ്രദ്ധിക്കണം.

→ ബഹു. സിസ്റ്റേഴ്സ് രണ്ടുപേർ വീതമാണ് വീടുകൾ സന്ദർശിക്കുന്നത്. ഒരു ദിവസം പരമാവധി ഏഴു ഭവനങ്ങളിൽ അധികമാകാതിരിക്കാനുള്ള ക്രമീകരണങ്ങൾ നടത്തണം.

→ രാവിലെ പരി. കുർബാനയ്ക്കുശേഷം ബഹു. സിസ്റ്റേഴ്സിനെ പള്ളിയിൽനിന്നു ഭവനങ്ങളിലേക്കു കൊണ്ടുപോകുവാനും അവസാനത്തെ ഭവനത്തിലെ സന്ദർശനം കഴിയുമ്പോൾ തിരികെ താമസസ്ഥലത്ത് എത്തിക്കാനും ശ്രദ്ധിക്കണം. പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും സന്ദർശനം നടത്തുന്ന വീടുകളിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. കുടുംബാംഗങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന ഭക്ഷണം കൊടുത്താൽ മതിയാകും.

→ ഒരു വാർഡിലെ ഭവനങ്ങളെല്ലാം സന്ദർശിച്ചതിനുശേഷം ആ വാർഡിൽ പ്രാർത്ഥനാസമ്മേളനം നടത്തുന്നത് ഉചിതമായിരിക്കും.

→ സമാപനത്തോടനുബന്ധിച്ച് പരി. കുർബാന, ദിവ്യകാരുണ്യ ആരാധന, പൊതുകുമ്പസാരം, പൊതുസമ്മേളനം എന്നിവ നടത്തുന്നത് ഉചിതമാണ്.

## ഹോം മിഷന് ഒരുക്കമായുള്ള പ്രാർത്ഥന

**"കർത്താവായ ഈശോയിൽ വിശ്വസിക്കുക, നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" അപ്പ. 16/31.**

പിതാവും പുത്രനും പരി. റൂഹായുമായ ത്രിത്വൈക ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. കഴിഞ്ഞ എഴുപത്തിനാലു വർഷങ്ങളായി പാലാ രൂപതയെ പരിപാലിക്കുന്നതിനു ഞങ്ങൾ നന്ദി പറയുന്നു.

നസ്രത്തിലെ തിരുക്കുടുംബത്തിലെ സ്നേഹവും ഐക്യവും ഞങ്ങളുടെ കുടുംബങ്ങളിലും ഉണ്ടാകുവാൻ ഇടവരുത്തണമേ. കുടുംബങ്ങളെ നവീകരിക്കാനും വിശുദ്ധീകരിക്കാനുമായി ഞങ്ങളുടെ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് ഈ ഇടവകയിൽ ആരംഭിക്കുന്ന ഹോം മിഷനെയും ഭവനങ്ങളിലേക്കു കടന്നുവരുന്ന ബഹു. സിസ്റ്റേഴ്സിനെയും അങ്ങയുടെ അരൂപിയാൽ അഭിഷേകം ചെയ്യണമേ.

ഞങ്ങളുടെ ഇടവകയിലെ ഓരോ കുടുംബവും ആത്മീയ ഉണർവ്വു പ്രാപിച്ച് കർത്താവായ ഈശോയെ മുറുകെപ്പിടിക്കുന്നതിനുള്ള കൃപ നൽകണമേ. ആമ്മേൻ

തിരുക്കുടുംബമേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വി. തോമ്മാശ്ലീഹായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
വി. അൽഫോൻസാമ്മേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ
കുടുംബങ്ങളുടെ മധ്യസ്ഥയായ വി. മറിയം ത്രേസ്യായേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

---

NB: ഹോം മിഷന് ഒരുക്കമായുള്ള ഈ പ്രാർത്ഥന സാധിക്കുമെങ്കിൽ ഹോം മിഷന് ഒരു മാസംമുമ്പ് ആരംഭിക്കുന്നതാണ് അഭികാമ്യം. അത് സാധ്യമല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് ഒരാഴ്ചയെങ്കിലുംമുമ്പേ ഇടവകയിൽ വിശുദ്ധ കുർബാനയ്ക്കുശേഷവും, ഭവനങ്ങളിൽ സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷവും ചൊല്ലേണ്ടതാണ്.

## HOLY FAMILY KERALA

**Contact Person : Sr. Delsy Purathur 9048247633**

| SI NO | PARISHES | | |
|---|---|---|---|
| 1 | MUTTUCHIRA | 6 | KARIMPANY |
| 2 | KURAVILANGADU | 7 | SANTHIPURAM |
| 3 | ARUVITHURA | 8 | UDAYAGIRI |
| 4 | TEEKOY | 9 | KONDAD |
| 5 | POOZHIKKOL | | |

HOLY FAMILY DELHI

**Contact Person : Sr. Johncy 9310687957**

| SI NO | PARISHES | 4 | CATHEDRAL |
|---|---|---|---|
| 1 | VAKKAD | 5 | LALAM NEW |
| 2 | KOZHUVANAL | 6 | LALAM OLD |
| 3 | MEVADA | | |

DST

**Contact Person : Sr. Reni Cyriac 9544684052**

| SI NO | PARISHES | | |
|---|---|---|---|
| 1 | KALATHUKADAVU | 7 | ADUKOM |
| 2 | BHARANANGANAM | 8 | SHANTHIGIRI |
| 3 | KAVALY | 9 | PAYYANITHOTTAM |
| 4 | CHOLATHADOM | 10 | (ILLIARY) JOSEMOUNT |
| 5 | KURICHITHANAM | 11 | NELLAPPARA |
| 6 | KAVEEKKUNNU | 12 | KATTAMPAK |

LAR

**Contact Person : Sr. Elisa Jacob 9495395579**

| SI NO | PARISHES |
|---|---|
| 1 | KIZHATHADIYOOR |
| 2 | MANNAKKANAD |
| 3 | PAINGALAM |

MSMI

**Contact Person : Sr. Starlet 8547421801**

| SI NO | PARISHES |
|---|---|
| 1 | KAYYOOR |

## SMS

**Contact Person : Sr. Carmel Joe 9744003349**

| SI NO | PARISHES | | |
|---|---|---|---|
| 1 | MOONANI | 6 | VELANILAM |
| 2 | MANIAMKULAM | 7 | ERAVIMANGALAM |
| 3 | PERIAPURAM | 8 | JOSEGIRI |
| 4 | PALAKKATTUMALA | 9 | KAVUMKANDOM |
| 5 | CHITTAR | | |

## FCC BHARANANGANAM

**Contact Person : Sr. Jossy Kallarangatt 9747405533**

| SI NO | PARISHES | | |
|---|---|---|---|
| 1 | CHEMMALAMATTOM | 9 | ARAKULAM NEW |
| 2 | MOONNILAVU | 10 | MANIAMKUNNU |
| 3 | VAKAKKAD | 11 | PERINGULAM |
| 4 | AMPARANIRAPPEL | 12 | POONJAR |
| 5 | BHARANANGANAM | 13 | KURINJI |
| 6 | EDAPPADY | 14 | MAVADY |
| 7 | IDAMATTOM | 15 | KOOTTICKAL |
| 8 | MALAYINCHIPPARA | 16 | KAIPPALLY |

## A.O

**Contact Person : Sr. Dolly 9446551915**

| SI NO | PARISHES |
|---|---|
| 1 | THODANAL |
| 2 | CHEMPILAVU |

## SKD

**Contact Person : Sr. Shanty 9188191909**

| SI NO | PARISHES |
|---|---|
| 1 | MANNAAR |

## ST. MARTHAS

**Contact Person : Sr. Shency 9497093968**

| SI NO | PARISHES |
|---|---|
| 1 | PALAKAD |
| 2 | KUDAYATHOOR |
| 3 | LOURDMOUNT |

| FSHA | | | |
|---|---|---|---|
| **Contact Person : Sr. Ann Mariya 9562514252** | | | |
| SI NO | PARISHES | | |
| 1 | AIMCOMBU | | |

| SH | | | |
|---|---|---|---|
| **Contact Person : Sr. Rosmin 9449636975** | | | |
| SI NO | PARISHES | | |
| 1 | KUDAKKACHIRA | 13 | NAMBIAKULAM |
| 2 | POOVARANY | 14 | VAYALA |
| 3 | CHENNAD | 15 | ARAKULAM OLD |
| 4 | CHETTUTHODU | 16 | MOOLAMATTOM |
| 5 | EDAMARUKU | 17 | VELLIAMATTOM |
| 6 | POOVATHODU | 18 | EZHACHERRY |
| 7 | ALPHONSAGIRI | 19 | CHAKKAMPUZHA |
| 8 | KURUVINAL | 20 | RAMAPURAM |
| 9 | MANATHOOR | 21 | MELUKAVUMATTOM |
| 10 | ARUNOOTTIMANGALAM | 22 | NEELOOR |
| 11 | KEEZHOOR | 23 | NARIANGANAM |
| 12 | THURUTHIPPALLY | | |

| SABS | | | |
|---|---|---|---|
| **Contact Person : Sr. Rincy 9497583129** | | | |
| SI NO | PARISHES | | |
| 1 | PAIKA | 11 | KOODALLOOR |
| 2 | KAKKOOR | 12 | KANJIRATHANAM |
| 3 | KOOTHATTUKULAM | 13 | KUNNOONNI |
| 4 | MARANGOLI | 14 | THAKIDI |
| 5 | VADAKARA | 15 | ULLANAD |
| 6 | XAVIERPURAM | 16 | ANTHIALAM |
| 7 | KADANAD | 17 | POOVAKKULAM |
| 8 | KURUMANNU | 18 | KAKKOMBU |
| 9 | KALATHOOR | 19 | SIBIGIRI |
| 10 | MARANGATTUPILLY | 20 | KANJIRAMATTOM |

## FCC PALA

**Contact Person : Sr. Lisbin 7025195857**

| SI NO | PARISHES | | |
|---|---|---|---|
| 1 | MANJAMATTOM | 6 | RETHNAGIRI |
| 2 | MATTAKKARA | 7 | MEENACHIL |
| 3 | MOOZHOOR | 8 | MANVETTOM |
| 4 | PADUVA | 9 | VEZHANGANAM |
| 5 | KOTHANALLOOR | 10 | ARUNAPURAM |

## CMC

**Contact Person : Sr. Pavithra 9497821267**

| SI NO | PARISHES | | |
|---|---|---|---|
| 1 | MUTHOLY | 13 | KALIKAVU |
| 2 | MALLIKASSERY | 14 | MUNDANKAL |
| 3 | VILAKKUMADOM | 15 | PRAVITHANAM |
| 4 | PLASSANAL | 16 | NEERANTHANAM |
| 5 | KADAPLAMATTOM | 17 | RAMAPURAM |
| 6 | ELANJI | 18 | AYYAMPARA |
| 7 | PIRAVOM | 19 | VELLIKULAM |
| 8 | THIRUMARADY | 20 | THUDANGANAD |
| 9 | ANTHINADU | 21 | KAROOR |
| 10 | GEOVALLEY | 22 | JAIGIRI |
| 11 | PIZHAKU | 23 | CHERPUNKAL |
| 12 | MANNARAPPARA | | |

## SCJG

**Contact Person : Sr. Anns Mariya 8590744976**

| SI NO | PARISHES |
|---|---|
| 1 | MALAPURAM |

## COMPLETED

| SI NO | PARISHES | | |
|---|---|---|---|
| 1 | ADIVARAM | 7 | ELAPPALLY |
| 2 | ALPHONSAPURAM | 8 | FATHIMAPURAM |
| 3 | CHAKKIKAVU | 9 | GAGULTHA |
| 4 | CHOONDACHERRY | 10 | KADUTHURUTHY |
| 5 | EDADU | 11 | KIZHAPARAYAR |
| 6 | ELAMTHOTTAM | 12 | KULAMAVU |

| | | | |
|---|---|---|---|
| 13 | MANALUMKAL | 24 | PIUSMOUNT |
| 14 | MANGALAGIRI | 25 | SLEEVAPURAM |
| 15 | MANGALARAM | 26 | THIDANAD |
| 16 | MARYLAND | 27 | URULIKUNNAM |
| 17 | MONIPPALLY | 28 | VAGAMON |
| 18 | MULAKKULAM | 29 | VALACHIRA |
| 19 | MUTHOLAPURAM | 30 | VALAVOOR |
| 20 | NELLIANI | 31 | VARIANIKKAD |
| 21 | PALAYAM | 32 | VEDAGIRI |
| 22 | PARATHANAM | 33 | YENDAYAR |
| 23 | PERUMTHURUTH | | |

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

# സാമൂഹികശാക്തീകരണ ശില്പശാല

**വൈദികതുടർപരിശീലനം 2004 - 2024നകം**
**പൗരോഹിത്യം സ്വീകരിച്ച ബഹു. വൈദികർക്ക്**

**മെയ് 15 ബുധൻ 9.30 am to 3.30 pm**
**സെന്റ് തോമസ് കോളേജ് A/C ഓഡിറ്റോറിയം, അരുണാപുരം**

സഭയുടെ സാമൂഹികക്ഷേമ വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പാലാ രൂപതയുടെ സോഷ്യൽ വർക്ക് ഡിപ്പാർട്ടുമെന്റായ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി നമ്മുടെ രൂപതയിലെ വൈദികർക്കായി സാമൂഹികശാക്തീകരണ ശില്പശാല സംഘടിപ്പിക്കുകയാണ്. 2024 മെയ് 15-ാം തീയതി ബുധനാഴ്ച അരുണാപുരം സെന്റ് തോമസ് കോളജ് എ.സി. ഹാളിൽ വച്ച് രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ നടത്തപ്പെടുന്ന പ്രസ്തുത ശില്പശാലയിൽ 2004 - 2024 വർഷങ്ങളിൽ വൈദികപട്ടം സ്വീകരിച്ചവരെയാണ് ഉദ്ദേശിക്കുന്നത്. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ നിർദ്ദേശ പ്രകാരം വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നടത്തുന്ന ഈ ശില്പശാലയിൽ ബഹുമാനപ്പെട്ട വൈദികരുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പുവരുത്തുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്**
02-05-2024 വികാരി ജനറാൾ, പാലാ രൂപത

# കച്ചേരിക്കാര്യം

## Transfers & Appointments (April 2024)

| **Very Rev. Frs/Rev. Frs** | |
|---|---|
| Ampazhathunkal Mathew | Professor, St Joseph Pontifical Seminary, Managalapuzha, Aluva |
| Anithottathil Gervasis | Adjutant Judicial Vicar, Eparchial Tribunal, Palai (Additional) |
| Anithottathil Jibin MSFS | Relieved, Aasst Vicar, Bharananganam |
| Ezhuparayil Joseph | Rector, Savio Home and Principal, St Joseph's Public School, Neeloor |
| Naduviledam Paul | Relieved, Pastoral Assistant, Little Flower Church, Piravom & Residence at Naduviledam House, Elanji |
| Poovakulam George | Relieved, Rector Savio Home, Neeloor & residence at Casa del Clero |
| Vattappalam Michael | Pastoral Ministry Archdiocese of Milan |

ലേഖനം

# കുടക്കച്ചിറ അന്തോണിക്കത്തനാർ

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

നസ്രാണിസമൂഹത്തിനു പൊതുവിലും പ്ലാശനാൽ പ്രാദേശികസഭയ്ക്കു പ്രത്യേകിച്ചും ഒരു നിറപ്പകിട്ട് പകർന്നുകൊടുത്ത വ്യക്തിയാണ് കുടക്കച്ചിറ അന്തോണിക്കത്തനാർ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്തു ജീവിച്ചിരുന്ന അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനങ്ങളും സംഭവബഹുലവും ചർച്ചാവിഷയവുമായിരുന്നു. ഭാരതനസ്രാണികൾ അവരുടെ ചരിത്രത്തിലെ ഏറ്റവും സങ്കീർണമായ ഒരു കാലഘട്ടത്തെ തരണം ചെയ്യുകയായിരുന്നു. അപ്പോഴാണ് കുടക്കച്ചിറ അന്തോണിക്കത്തനാരുടെ രംഗപ്രവേശനം. നസ്രാണിത്തറവാട്ടിലെ ഒരു അപൂർവസഭാസ്നേഹിയും പ്രതിഭാശാലിയുമായിരുന്നു അദ്ദേഹം. സമുദായത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം അദ്വിതീയമായിരുന്നു.

ഭാരതനസ്രാണികളുടെ ആധികാരികവും സമ്പൂർണ്ണവുമായ ചരിത്രം രചിച്ച മഹാത്മാവാണ് ക.നി.മൂ.സ. ഫാ. ബർണാർദ് തോമ. അദ്ദേഹത്തിന്റെ മാർത്തോമ്മാക്രിസ്ത്യാനികൾ വാല്യം II, 774-ാം പുറത്തെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. "പാലാ ഇടവകക്കാരനായ ഇദ്ദേഹം (കുടക്കച്ചിറ അന്തോണി) കുന്നേലച്ചൻ, പൂണ്ടിക്കുളത്ത് മല്പാനച്ചൻ എന്നിവരിൽനിന്നു സുറിയാനിയും മട്ടാഞ്ചേരി വികാരിയായിരുന്ന തൊറീത്ത് പാദ്രിയിൽനിന്നു ലത്തീൻ, പോർച്ചുഗീസ് എന്നീ ഭാഷകളും പഠിച്ചു. ശമ്മാശ് പട്ടം ഏറ്റശേഷം മാന്നാനത്ത് ശമ്മാശന്മാരുടെ ഗണത്തിൽ ചേർന്നു. അവിടെ ആശ്രമജീവിതത്തിനായി പഠിച്ചിരുന്നവരുടെ കൂട്ടത്തിൽ തന്നെയും ചേർക്കാൻ അപേക്ഷിച്ചെങ്കിലും സ്വീകരിക്കപ്പെടാത്തതുകൊണ്ട് ഏതുവിധമെങ്കിലും ഒരു ആശ്രമം പണിയിച്ചു അതിൽ പാർക്കുമെന്ന് പറഞ്ഞുകൊണ്ട് മാന്നാനം വിട്ട് പാലായിലേക്കു പൊയ്ക്കളഞ്ഞു. അവിടെ കട്ടക്കയത്ത് മല്പാന്റെ അടുക്കൽ പഠനം പൂർത്തിയാക്കി, ലുദവിക്കോസ് മെത്രാപ്പോലീത്തായിൽനിന്നു കുർബാനപ്പട്ടം സ്വീകരിച്ചു. ആ മതാധ്യക്ഷൻതന്നെ അന്തോനിച്ചനെ അരുവിത്തുറപള്ളിയുടെ

വികാരിയുമാക്കി. ഈ മെത്രാപ്പോലീത്തയുടെ അനുമതിയോടുകൂടി പ്ലാശനാൽ എന്ന സ്ഥലത്ത് ഒരു പള്ളിയും ഏതാനും മുറികളും പണിയിച്ച് ചില വൈദികന്മാരെയും കുട്ടികളെയും ചേർത്ത് മാർ അന്തോനീസിനെ അനുകരിച്ചുള്ള രീതിയിൽ അത് ഒരു സന്ന്യാസാശ്രമമാക്കിത്തീർത്തു. അവിടെ ശരീരതപഃക്രിയകൾ അധികമായി അനുഷ്ഠിച്ചിരുന്നു. അതുകളെപ്പറ്റി ചാവറ അച്ചൻതന്നെയും ആശ്ചര്യപ്പെടുന്നതിന് ഇടയായിട്ടുണ്ട്. അന്തോനിച്ചൻ എല്ലാ കാര്യങ്ങളിലും സമർത്ഥനായിരുന്നു. സ്വാഭാവികഗുണങ്ങളും വാക്സാമർത്ഥ്യവും ബുദ്ധിശക്തിയും ഉണ്ടായിരുന്നു.'' വാസ്തവത്തിൽ അന്തോനിക്കത്തനാരെക്കുറിച്ചുള്ള സത്യസന്ധമായ ഒരു വിവരണം മേല്പറഞ്ഞതിലുണ്ട്. ക. നി. മൂ. സ. ബർണർദ് തോമ്മായുടെ ഈ നിരീക്ഷണങ്ങളാണ് പ്രധാനമായും അന്തോണിക്കത്തനാരെക്കുറിച്ചുള്ള പഠനത്തിന്റെ അടിത്തറ.

കുടക്കച്ചിറ അന്തോണിയുടെ ജനനം കൃത്യമായി അറിയാൻ പാടില്ലെങ്കിലും 1815 ലാണ് എന്നുവേണം മനസ്സിലാക്കാൻ. പാലാ ഇടവകയിലെ കുടക്കച്ചിറത്തറവാട് അറിയപ്പെടുന്ന കുടുംബമായിരുന്നു. 1838- ലാണ് ശമ്മാശ് ആയി മാന്നാനം സെമിനാരിയിൽ ചേർന്നത്. അദ്ദേഹം തിരുപ്പട്ടം സ്വീകരിച്ചത് 1843 ലാണ്. തുടർന്ന്, 1845 ൽ അരുവിത്തുറ വികാരി സ്ഥാനമേറ്റു. 1848 ലാണ് പ്ലാശനാൽ പള്ളിയും ദയറായും സ്ഥാപിക്കുന്നത്. 1857 ജൂലൈ 22 ന് ബാഗ്ദാദിൽവച്ചു മരണപ്പെട്ടു. അവിടെത്തന്നെയാണു സംസ്കരിക്കപ്പെട്ടിരിക്കുന്നതും. 42 വർഷങ്ങൾമാത്രമായിരുന്നു ജീവിതകാലം

അന്തോണിക്കത്തനാരെക്കുറിച്ചു വളരെയധികം പഠനങ്ങൾ നിലവിലില്ല. ബഹു. ക.നി.മൂ.സ. ഫാ. ബർണാർദ് തോമ്മായും, എൻ. കെ. ജോസും, ഡോ. സേവ്യർ കൂടപ്പുഴയും, ബഹു. തോമ്മാക്കത്തനാരും (കൂനമ്മാക്കൽ), അനിൽ മാനുവലും, പഠനങ്ങൾ നടത്തിയിട്ടുണ്ട്. അന്തോണിക്കത്തനാരുടെ കഷ്ടപ്പാടുകളെക്കുറിച്ചും നിലപാടുകളെക്കുറിച്ചും നാം കൂടുതൽ പഠനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. അതിനുള്ള പ്രേരകശക്തിയായി പ്ലാശനാൽ കേന്ദ്രമാക്കിയുള്ള ബഹു. തോമസ് ഓലിക്കൽ അച്ചന്റെ പ്രവർത്തനങ്ങൾ എക്കാലവും നിലനിൽക്കും. ബഹു. ഓലിക്കൽ അച്ചൻ സഭാചരിത്ര പഠനമേഖലയിൽ ഒരു കൊടുങ്കാറ്റ് അഴിച്ചുവിട്ടിരിക്കുകയാണ്.

പ്ലാശനാൽ കേന്ദ്രമാക്കിയാണ് മേല്പറഞ്ഞ പഠനവും ഗവേഷണവും നടത്തേണ്ടത്. ചരിത്രം പഠിക്കാതെ ജീവിക്കുന്നവർക്കു ഭൂതകാലവുമില്ല, ഭാവികാലവുമില്ല എന്നു നാം ഓർത്തിരിക്കണം. ചരിത്രമാണ് എല്ലാറ്റിന്റെയും അടിത്തറ. ചരിത്രമാണ് നിരന്തരം സത്യം പറഞ്ഞുകൊണ്ടിരിക്കുന്നത്. അന്തോണിക്കത്തനാരെക്കുറിച്ചുള്ള ഗവേഷണം നമ്മുടെ സഭയുടെ വ്യക്തിത്വം വീണ്ടെടുക്കുന്നതിൽ അത്യന്താപേക്ഷിതമത്രേ.

അന്തോണിക്കത്തനാരുടെ കാലത്തെ നസ്രാണികളുടെ അവസ്ഥ നാമൊന്നറിയേണ്ടതായിട്ടുണ്ട്. ഒന്നായി മുന്നേറിക്കൊണ്ടിരുന്ന നസ്രാണിസഭയെ 1599 ലെ ഉദയംപേരൂർ സൂനഹദോസ് നിർണായകമായ ഒരു വഴിത്തിരിവിലേക്കു തിരിച്ചുവിട്ടു. നസ്രാണികൾക്കു സ്വയംഭരണാവകാശം നഷ്ടപ്പെട്ടു. 1653 ലെ സ്ലീവാസത്യം (കൂനൻകുരിശ്) പ്രഖ്യാപനത്തോടെ നസ്രാണികൾ പുത്തൻകൂറ്റുകാർ എന്നും പഴയകൂറ്റുകാർ എന്നും രണ്ടായിപ്പിളർന്നു. പുത്തൻകൂറ്റുകാർ ക്രമേണ അന്ത്യോക്യൻ ആരാധനക്രമത്തിലും സഭാഭരണത്തിലും വളർന്നു. പാശ്ചാത്യസഭയുടെ ഭരണത്തിൻകീഴിൽ ആദ്യം പോർച്ചുഗീസ് പദ്രുവാദോ ഭരണത്തിലും, പിന്നീട് പ്രൊപ്പഗാന്തഫിദേ വികാരി അപ്പസ്തോലിക്കാമാരുടെ ഭരണത്തിലും പഴയകൂറ്റുകാരും തുടർന്നു. 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജീവിച്ച കുടക്കച്ചിറ അന്തോണിക്കത്തനാർ ഈ പ്രത്യേക ചരിത്രയാഥാർത്ഥ്യത്തിന്റെ തിക്താനുഭവം സഹിച്ചവനാണ്. പഴയകൂറിന്റെ ശക്തനായ വക്താവായിരുന്നു കുടക്കച്ചിറ അന്തോണിക്കത്തനാർ.

**അന്തോണിക്കത്തനാരുടെ സമുദായസ്നേഹം**

1599 നുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും സുറിയാനി ഭാഷയോടുള്ള സ്നേഹവും ഒരു സുറിയാനിമെത്രാനുവേണ്ടിയുള്ള തിരച്ചിലും പഴയകൂറ്റുകാർ ഉപേക്ഷിച്ചില്ല. പറമ്പിൽ ചാണ്ടിമെത്രാനുശേഷം കരിയാറ്റിൽ യൗസേപ്പ് മല്പാനിലൂടെയും പാറേമ്മാക്കൽ തോമ്മാക്കത്തനാരിലൂടെയും പിന്നീട് കുടക്കച്ചിറ അന്തോണിക്കത്തനാരിലൂടെയും തുടർന്നു നിധിരിക്കൽ മാണിക്കത്തനാരിലൂടെയും ഫാ. ലൂയി പഴേപറമ്പിലൂടെയും ഒക്കെ നാം ഈ കാര്യം വ്യക്തമായി കാണുന്നുണ്ട്. അല്മായരുടെ ഭാഗത്തുനിന്നു വലിയ പിൻബലം ലഭിച്ചു. പ്രത്യേകിച്ച് തച്ചിൽ മാത്തുതരകനിൽനിന്ന്. അന്തോണി

കത്തനാരുടെ നേതൃത്വത്തിൽ സുറിയാനിമെത്രാനെ ലഭിക്കാനുള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടിരുന്നു. റോമിലേക്കു ഹർജികൾ സമർപ്പിച്ചുകൊണ്ടിരുന്നു.

കുടക്കച്ചിറ അന്തോണിക്കത്തനാർ ഒരു ദൂരദർശനായിരുന്നു. നൂറ്റാണ്ടുകളിലേക്ക് എത്തിനില്ക്കുന്ന ദീർഘവീക്ഷണവും പ്രതിഭാവിലാസവും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ ശ്ലൈഹികസഭ കാത്തുസൂക്ഷിച്ച സുറിയാനിഭാഷയും സുറിയാനി ആരാധനക്രമവും സുറിയാനി ആധ്യാത്മികതയും സഭാഭരണക്രമവും അദ്ദേഹത്തിന്റെ സിരകളിൽക്കൂടി ഒഴുകിയ രക്തംപോലെയായിരുന്നു. കൂനൻകുരിശിലൂടെ ഒരു വിഭാഗം വിദേശാധിപത്യം ഉപേക്ഷിച്ച് പുത്തൻകൂർ ആയപ്പോഴും സമചിത്തത പാലിച്ച്, അപ്പസ്തോലിക സിംഹാസനത്തോടുള്ള ആദരവു പാലിച്ച്, നഷ്ടപ്പെട്ട പാരമ്പര്യങ്ങൾ വീണ്ടെടുക്കാൻ പരിശ്രമിച്ച് പഴയകൂറ്റിൽത്തന്നെ ഉറച്ചുനിന്ന തനികാതലാണ് അന്തോണിക്കത്തനാർ. ആ ജ്വാലയെ കെടുത്തിക്കളയാൻ ആർക്കും കഴിഞ്ഞില്ല. സഭയിലാകമാനം കത്തിപ്പടർന്ന ഒരു തീനാളമായിരുന്നു അന്തോണിക്കത്തനാർ.

**പ്ലാശനാൽ ആശ്രമം (ദയറാ)**

1848 ലാണ് പ്ലാശനാൽ ദയറാ സ്ഥാപിതമാകുന്നത്. കേരളത്തിലെ രണ്ടാമത്തെ ഏതദ്ദേശീയസന്ന്യാസാശ്രമമായിരുന്നു ഇത്. മാന്നാനം ആശ്രമത്തിനുശേഷം ഏതാണ്ട് 20 വർഷങ്ങൾ കഴിഞ്ഞാണിത്. പ്ലാശനാൽ ആശ്രമം ആദ്യവർഷങ്ങളിലൊക്കെ ഒരു മാതൃകയായിരുന്നു. അവിടുത്തെ അന്തേവാസികളുടെ തപശ്ചര്യ മാന്നാനം ആശ്രമശ്രേഷ്ഠരെപ്പോലും അത്ഭുതപ്പെടുത്തിയിരുന്നു. ലുദ്‌വിക്കോസ് മെത്രാപ്പോലീത്ത മാറി ബർണദീനോസ് മെത്രാപ്പോലീത്ത വരാപ്പുഴയിൽ അധികാരമേറ്റപ്പോൾമുതൽ പ്ലാശനാൽ ആശ്രമത്തിന് ഏറെ സഹിക്കേണ്ടിവന്നു. ഈ ആശ്രമത്തെ വേണ്ടവിധം പ്രോത്സാഹിപ്പിച്ചിരുന്നെങ്കിൽ കിഴക്കൻമലയോരപ്രദേശങ്ങളിലെല്ലാം പ്ലാശനാൽ ആശ്രമം വലിയ സ്വാധീനം ചെലുത്തുമായിരുന്നു. തോമാശ്ലീഹായോടു ബന്ധപ്പെട്ട ആദ്യകാലപാരമ്പര്യങ്ങളും പൂഞ്ഞാർ - അരുവിത്തുറ - പ്ലാശനാൽ - ചേർപ്പുങ്കൽ എന്നീ കേന്ദ്രങ്ങളിൽ സജ്ജീവമായിട്ടുണ്ട്.

ദയറാകളും ആശ്രമങ്ങളും സഭയുടെ പ്രതിരോധശക്തികളാണ്. ദയറാ എന്നാൽ വാസസ്ഥലം, മേച്ചിൽപ്പുറം, വീട് എന്നൊക്കെയാണ് അർത്ഥം. പൗരസ്ത്യസുറിയാനിസഭയുടെ സന്ന്യാസാശ്രമം എന്നാണ് പൊതുവിൽ അർത്ഥം. ദയറാകൾ സഭയുടെ ആധ്യാത്മികഖജനാവുകളാണ്. സഭയുടെ ആത്മീയ ആയുധപ്പുരകളാണ് അവ. വിവിധ ദയറാകൾ പൗരസ്ത്യസഭയുടെ ആധ്യാത്മിക സമ്പന്നതയെയാണു വിളിച്ചോതുന്നത്. സന്ന്യാസപ്രസ്ഥാനത്തിന്റെ പ്രഭവകേന്ദ്രം ഈജിപ്താണെന്നു പറയുമ്പോഴും അതിനുമുമ്പുതന്നെ സുറിയാനിസഭകളിലും മധ്യേഷ്യൻനാടുകളിലും തീക്ഷ്ണതയേറിയ സന്ന്യാസ-താപസ ദൈവാരാധനാസങ്കേതങ്ങൾ ഉണ്ടായിരുന്നു. ഇത്തരം സങ്കേതങ്ങൾ ആത്മീയതയ്ക്ക് ജന്മം നൽകുന്ന അച്ചുകളായിരുന്നു.

സുറിയാനിസഭകളിലെ സന്ന്യാസജീവിതത്തിൽ പഴയനിയമഗ്രന്ഥങ്ങളിലെ പ്രവാചകന്മാരുടെയും യഹൂദറബിമാരുടെയും നാസീർവ്രതബദ്ധരായ താപസന്മാരുടെയും ശൈലിയും ചൈതന്യവുമായി കൂടുതൽ അടുപ്പമുണ്ടായിരുന്നു. വിശ്വാസത്തിൽ പൂർണമായ ആത്മസമർപ്പണം നടത്തി പരിശുദ്ധ ലിറ്റർജിക്കു മുഖ്യസ്ഥാനം നൽകുന്ന വാസഗേഹങ്ങളാണ് ദയറാകൾ. ഓരോ ദയറായും ശുദ്ധമായ ലിറ്റർജിയുടെ ആലയവും കലർപ്പില്ലാത്ത തിരുസ്സഭാപ്രബോധനത്തിന്റെ പഠനക്കളരിയും മാനവചേതനയെ ആന്തരികമായി സ്പർശിക്കുന്ന പുണ്യവാസസ്ഥലവുമാണ്. നസ്രാണികളെ പഴയകാല ആവാസകേന്ദ്രങ്ങളിൽ പലയിടങ്ങളിലും ദയറാകളുണ്ടായിരുന്നു. മിക്കവാറും എല്ലാ മല്പാനേറ്റുകളും (വൈദികജീവിത പരിശീലനകേന്ദ്രം) ദയറാകളിൽത്തന്നെയായിരുന്നു. പാലാ രൂപതയ്ക്കുള്ളിൽത്തന്നെ നിരവധി ഇടവകകളിൽ മല്പാനേറ്റുകൾ ഉണ്ടായിരുന്നു. തോമ്മാമാർഗ്ഗമെന്ന വിശ്വാസികളുടെ വിശ്വാസ ജീവിതത്തിന്റെ പരമോന്നതമായ ആ ചൈതന്യം നമ്മുടെ മനസ്സുകളിൽനിന്നു വിട്ടുമാറിയിട്ടില്ല. അസംഖ്യമായ വൈദികസന്ന്യാസ വിളികൾ, സമർപ്പിതസമൂഹങ്ങൾ, പ്രാർത്ഥനാശുദ്ധിയുള്ള കുടുംബങ്ങൾ, ആദർശധീരരും തീക്ഷ്ണമതികളുമായ അല്മായസഹോദരങ്ങൾ തുടങ്ങിയവരും ഈ മണ്ണിൽ കൊരുത്തവരാണ്. സുവിശേഷമാർഗ്ഗത്തിന്റെ വിശുദ്ധസാന്നിധ്യംതന്നെയാണ് ഇതിന്റെ കാരണം.

ഇതഃപര്യന്തമുള്ള നസ്രാണിചരിത്രത്തിൽ ജനസമൂഹത്തെ സ്വാധീനിക്കാനും നയിക്കാനും ഈ നാട്ടിൽനിന്നു പുണ്യജന്മങ്ങൾ ഏറെ ഉണ്ടായി. ദയറാ അനുഭവം എല്ലാ വൈദികരും സ്വന്തമാക്കേണ്ടതാണ്. സഭയുടെ ആധികാരികമായ നവീകരണത്തിനും വളർച്ചയ്ക്കും ഐക്യത്തിനും ദയറാകൾ ഉപകാരപ്പെടും. സമസ്തസൃഷ്ടികളിലും അത് സമാധാനമുണ്ടാക്കും. സല്ലാവ് ദ് നെഹ് വെ ശൈനാ ബവ്റീസാ എന്ന് പരി. കുർബാനയിൽ നമ്മൾ പ്രാർത്ഥിക്കുന്നുണ്ടല്ലോ.

**കുടക്കച്ചിറക്കത്തനാരുടെ ബാഗ്ദാദ് യാത്രകൾ**

പാറേമ്മാക്കൽ തോമാക്കത്തനാരെക്കാൾ ഒട്ടും കുറയാത്ത തീക്ഷ്ണതയോടെയാണ് കുടക്കച്ചിറക്കത്തനാർ സഭയെയും സഭാപാരമ്പര്യത്തെയും കണ്ടിരുന്നത്. രക്തം ചിന്താത്ത സഹദാ (സഹ്ദാ, ദ്‌ലാ ദ്മാ)യാണ് അദ്ദേഹം. അദ്ദേഹം ബോധ്യങ്ങളുടെ ഒരു ഉറച്ചപാറയായിരുന്നു (terra firma). പാശ്ചാത്യസഭാഭരണക്രമത്തിൽനിന്നു പഴയകൂറ്റുകാരെ മോചിപ്പിച്ച് സുറിയാനിമെത്രാന്മാരെ കണ്ടെത്തണം എന്ന ഒരേയൊരു ലക്ഷ്യം മനസ്സിൽവച്ചാണ് ക്ലേശകരമായ രണ്ടു യാത്രകൾ നടത്തിയത്. പക്ഷേ, വാഗ്ദത്തഭൂമി ദൂരെനിന്നു കാണാൻമാത്രമേ അദ്ദേഹത്തിന് അവസരമുണ്ടായുള്ളൂ. നിധിയിരിക്കൽ മാണിക്കത്തനാരുടെ പിതാവായ നിധിയിരിക്കൽ അബ്രാഹത്തിന്റെ നേതൃത്വത്തിൽ കുറവിലങ്ങാട് പള്ളിയിൽ വച്ച് ഒരു യോഗംകൂടി. ബാബേലിൽ പോയി ഒരു സുറിയാനിമെത്രാനെ നമുക്കായി കണ്ടെത്തുക എന്നതായിരുന്നു ലക്ഷ്യം. പോർച്ചുഗീസുകാർ വരുന്നതിനുമുമ്പ് ബാബേലിൽനിന്നായിരുന്നല്ലോ നമ്മുടെ മെത്രാന്മാർ. ഒരു നിവേദകസംഘത്തെ കുറവിലങ്ങാട് യോഗം കണ്ടെത്തി. കുടക്കച്ചിറക്കത്തനാരെ നേതാവാക്കി. മോസ്സൂളിലേക്കു പോയി. കാര്യസാധ്യത്തിനായി നമ്മുടെ പള്ളികളിൽനിന്നു പണം ശേഖരിച്ചിരുന്നു. ഇല്ലിക്കൽ ദേവസ്യാച്ചനും കുമ്പിടി മാമ്പിക്കൽ തോമാച്ചനും പ്ലാശനാൽ ആശ്രമത്തിലെ ഏതാനും ശമ്മാശന്മാരും സംഘത്തിൽ ചേർന്നു. യാത്രാമധ്യേ പലരും മരണപ്പെട്ടു. 1856 ൽ കുടക്കച്ചിറ തിരിച്ചുവന്നു വലിയ തോതിൽ പിരിവു നടത്തി. രണ്ടാമതു വീണ്ടും യാത്ര ബാഗ്ദാദിലേക്ക്. കൂട്ടത്തിൽ വലിയ ഒരുപറ്റം ആളുകൾ. (അവരുടെ പേരു വിവരങ്ങൾ

ബർണാർദ് തോമ്മാ, മാർത്തോമ്മാനസ്രാണികൾ, വാല്യം 2 പേജ് 776 കാണുക). 1857ൽ കുടക്കച്ചിറക്കത്തനാർ ബാഗ്ദാദിൽവച്ചു ദിവംഗതനായി. കൂട്ടത്തിൽ ഉണ്ടായിരുന്ന മറ്റു പലരും. രണ്ടാം യാത്രയ്ക്കുമുമ്പ് 1856 ഓഗസ്റ്റ് 5 നു വികാരി അപ്പസ്തോലിക്കായുടെ മഹറോൻ ഏറ്റുവാങ്ങിയാണ് അദ്ദേഹം ബാഗ്ദാദിലേക്കു പോകുന്നത്. 1860 ആയപ്പോഴേക്കും പ്ലാശനാൽ കൊവേന്തനാമാവശേഷമായി. അവിടുത്തെ ശമ്മാശന്മാർക്കു തിരുപ്പട്ടം നിഷേധിച്ചപ്പോൾ പിടിച്ചുനിൽക്കാൻ നിവൃത്തിയില്ലാതെ വന്നു. മഹറോൻ എന്ന നുകംകൂടി പേറേണ്ടിവന്നപ്പോൾ മാനസികസംഘർഷങ്ങൾക്കും കാരണമായി.

**മഹറോൻ ശിക്ഷയെ മഹത്വമായിക്കണ്ടു**

തിരസ്കാരങ്ങളിൽ തോൽക്കാത്തവനാണു കുടുക്കച്ചിറ കത്തനാർ. കുടക്കച്ചിറ അച്ചൻ സർവ്വരാലും കത്തനാർ എന്നാണു വിളിക്കപ്പെട്ടിരുന്നത്. കർത്താ എന്ന വാക്കിന് അധികാരി എന്നാണർത്ഥം. കസ്സനാർ എന്നു പാണ്ഡിത്യമുള്ള അച്ചന്മാരെ എല്ലാവരും വിളിക്കുമായിരുന്നു. ബഹുവചനരൂപത്തിൽ കത്തങ്ങൾ എന്നും പറയാറുണ്ടായിരുന്നു. വൈദികരെ അക്കാലത്ത് കഹന, കശീശ്ശ (മൂപ്പൻ) എന്നും വിളിച്ചിരുന്നു. വൈദികന്റെ ഭാര്യയെ കർത്തത്തിയാരമ്മ, കത്തനാരത്തി എന്നാണു വിളിച്ചിരുന്നതെന്ന് ബഹു. പൊടിപ്പാറ പ്ലാസിഡച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. സന്ന്യാസവൈദികർ താമസിച്ചിരുന്ന വീടിന് കൊവേന്ത എന്നും പറഞ്ഞിരുന്നു. പോർച്ചുഗീസിലെ കൊൺവേന്തോയിൽനിന്നാണ് ഈ പദം പിറക്കുന്നത്. അന്തോണിക്കത്തനാരുടെ പ്രവർത്തനങ്ങളെ പാശ്ചാത്യമിഷനറിമാർ പലരും കണ്ടിരുന്നത് സഭാവിരുദ്ധപ്രവർത്തനങ്ങളായിട്ടാണ്. അപ്രകാരം ഒരു പശ്ചാത്തലത്തിലാണ് അദ്ദേഹത്തിന് മഹറോൻ ശിക്ഷ ഏൽക്കേണ്ടിവന്നത്. മഹറോൻ എന്ന സുറിയാനിപദത്തിന്റെ അർത്ഥം സഭയിൽനിന്നു പുറത്താക്കൽ എന്നാണ്. കൂട്ടായ്മയിൽ നിന്നു വിട്ടുകളയുക. സമ്പർക്കമില്ലാത്ത അവസ്ഥ. കൂടിവരവിൽ പങ്കാളിത്തമില്ലാത്ത അവസ്ഥ. ലത്തീനിൽ എക്സ്കൊമ്മൂണിക്കാസിയോ. സഭാഭ്രഷ്ട് എന്നാണ് ഒറ്റവാക്കിൽ അതിന്റെ അർത്ഥം. മഹറോൻ ചൊല്ലുക, മഹറോൻ ഏല്ക്കുക, മഹറോൻ തട്ടുക എന്നൊക്കെ പറയുമായിരുന്നു. ശപിക്കുക എന്നർത്ഥം വരുന്ന ഹ്റം

എന്ന സുറിയാനിധാതുവിൽനിന്നാണ് മഹറോൻ എന്ന പദം ഉരിത്തിരിഞ്ഞത്. മഹറോനിൽപ്പെട്ട കുടുക്കച്ചിറ ഭയന്നില്ല. അദ്ദേഹത്തിന്റെ ഉത്തമമായ സഭാസ്നേഹം സഭാകാര്യപ്രവർത്തനങ്ങളിൽനിന്നു അദ്ദേഹത്തെ പിന്തിരിപ്പിച്ചുമില്ല. നിർഭയനായ വ്യക്തിയായിരുന്ന് കുടക്കച്ചിറ. ചാവറ കുര്യാക്കോസ് അച്ചന്റെ വാക്കുകൾ ശ്രദ്ധേയമത്രേ: "എന്തിനെങ്കിൽ അതിന് കൊള്ളുന്നവർ ആകുന്നു. നൊയമ്പ് എങ്കിലും നമസ്കാരമെങ്കിലും ചിത്രമെങ്കിലും എഴുത്തെങ്കിലും കൊട്ടെങ്കിൽ വഴക്കെങ്കിൽ വിസ്താരമെങ്കിലും..." അദ്ദേഹം ഔദ്യോഗികമായിട്ട് മഹറോനിൽപ്പെട്ടിരുന്നെങ്കിലും സമുദായത്തിലെ സ്വാധീനം കുറഞ്ഞിട്ടില്ലായിരുന്നു. നസ്രാണിത്വത്തോട് മമതയുള്ള ഒരുപറ്റം വിശ്വാസികൾ കൂടെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഭാസ്നേഹവും സ്വഭാവശുദ്ധിയും വാക്ചാതുര്യവും ബുദ്ധിശക്തിയും അദ്ദേഹത്തെ അസാധാരണ വ്യക്തിയാക്കി. സ്വന്ത മെത്രാന്മാരെ കിട്ടാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളുടെയും യാത്രകളുടെയും ഫലമായിരുന്നു ഇവിടെയെത്തിയ മെത്രാന്മാരായ റോക്കോസും മേലൂസും. പക്ഷേ അന്നത്തെ സഭാന്തരീക്ഷത്തിൽ മറ്റൊരു ദിശയിലൂടെ ചരിത്രം മാറിയൊഴുകി.

**കുടക്കച്ചിറക്കത്തനാർ തോറ്റിട്ടില്ല**

കുടക്കച്ചിറക്കത്തനാർ ചരിത്രത്തിൽ ഇടംപിടിച്ചു എന്നു മാത്രമല്ല ചരിത്രം സൃഷ്ടിച്ചവനാണ്. കുര്യാക്കോസ് ചാവറ അച്ചൻ തന്നെ പറയുന്നുണ്ട്, കുടക്കച്ചിറക്കത്തനാർ ഒരു 'വിശേഷമനുഷ്യനാ' യിരുന്നു എന്ന്. പ്രത്യക്ഷത്തിൽ തഴയപ്പെട്ടവൻ, ഉപേക്ഷിക്കപ്പെട്ടവൻ എന്നൊക്കെ തോന്നാമെങ്കിലും ഈടുറ്റ ആശയങ്ങൾ നൽകി ഒരിക്കലും മരിക്കാതെ അദ്ദേഹം നിൽക്കുന്നു. "കൊല്ലപ്പെട്ടവനെപ്പോലെ തോന്നാമെങ്കിലും നിൽക്കുന്നതായി കാണുന്നു." (വെളിപാട്. 5:6). സഭയുടെ ആന്തരികതയെ തൊട്ടറിഞ്ഞവനായിരുന്നു കത്തനാർ.

നസ്രാണിസഭയുടെ വ്യക്തിത്വത്തിന്റെ ആധുനികകാലത്തെ ഉപജ്ഞാതാവാണ് കുടക്കച്ചിറക്കത്തനാർ. പഴയകൂറിൽ അദ്ദേഹം ഉറച്ചുനിന്നുകൊണ്ട് സഭയുടെ തനിമ വീണ്ടെടുക്കാൻ തീവ്രമായി പരിശ്രമിച്ചു എന്നതാണ് അദ്ദേഹത്തിന്റെ മഹത്ത്വം. അദ്ദേഹത്തെ വിശുദ്ധൻ ആക്കിയില്ലെങ്കിലും വിശുദ്ധനാക്കപ്പെടേണ്ടവനെപ്പോലെ

യുള്ള ഒരുവനാണ്. കരിയാറ്റി മെത്രാപ്പോലീത്തായും, പാറേമ്മാക്കൽ ഗോവർണദോറും കുടക്കച്ചിറ അന്തോണിയും വിശുദ്ധരായ സഭാസ്നേഹികളുടെ ഹൃദയത്തിലുണ്ട്. ഇവരെ വിശുദ്ധരായി പ്രഖ്യാപിക്കണമെങ്കിൽ നമ്മുടെ സഭ അതിന്റെ സ്വത്വത്തിൽ ആഴപ്പെടേണ്ടതുണ്ട്. ദൈവാരാധനയും, പരിശുദ്ധപാരമ്പര്യങ്ങളും ദൈവാരാധനാഭാഷയുമൊക്കെ നിരന്തരം തർക്കവിഷയമായിക്കൊണ്ടിരിക്കുന്ന സഭയിലും സമുദായത്തിലും കുടക്കച്ചിറയ്ക്ക് ഇടമില്ലാതെ തോന്നാമെങ്കിലും സീറോ മലബാർ സഭയ്ക്ക് കഴുകന്റെ ചിറകുകൾ ലഭിച്ചു പറന്നുയരാൻ പറ്റുമ്പോൾ കുടക്കച്ചിറ തിളങ്ങി ശോഭിക്കും. കുടക്കച്ചിറക്കത്തനാരുടെ മാർഗ്ഗം സ്ലീവായുടെ മാർഗ്ഗമാണ്; രക്തസാക്ഷിത്വത്തിന്റെ മാർഗമാണ്. മേധാവിത്വം എന്ന വാക്കിന് സഭയിൽ എന്തെങ്കിലും പ്രസക്തിയുണ്ടെങ്കിൽ അതു കുടക്കച്ചിറയുടെ ദയറായിൽ അധിഷ്ഠിതമായ സഭാവിജ്ഞാനീയ ആത്മീയതയ്ക്കായിരിക്കും. ദയറാപ്രസ്ഥാനം ഒരു ആത്മീയസുഖാന്വേഷണമല്ല, ഒരു തീർത്ഥാടനത്തിന്റെ അന്ത്യത്തിൽ അപ്രതീക്ഷിതമായി സംഭവിക്കുന്ന സ്വർഗ്ഗത്തിലേക്കുള്ള 'എടുക്കപ്പെടൽ' കൂടിയാണ് എന്ന് അന്തോണിക്കത്തനാർ പഠിപ്പിക്കുന്നു. അദ്ദേഹം ഇന്ത്യ മുഴുവന്റെയും (കൊല്ലേ ഹെൻദോ) അന്തോണിക്കത്തനാരായിരുന്നു. തീവ്രമായ സഭാസ്നേഹവും, സുറിയാനിഭാഷാസ്നേഹവും, ദയറാസ്നേഹവും അന്തോണിക്കത്തനാരെ എന്നും വ്യത്യസ്തനാക്കുന്നു. നിസ്വാർത്ഥതയുടെ കനലാട്ടം തിളങ്ങുന്ന ചൂടും വെളിച്ചവും അദ്ദേഹത്തിൽ തിളങ്ങി ശോഭിച്ചിരുന്നു. സഭാപാരമ്പര്യത്തിൽ പ്രാവീണ്യമുള്ള സാധകനായിരുന്നു അദ്ദേഹം. സീറോ മലബാർ സഭയ്ക്ക് നാട്ടുമെത്രാന്മാരെ കിട്ടിയപ്പോഴും ഇന്ത്യ മുഴുവനും സുവിശേഷപ്രഘോഷണത്തിന്റെ വേദിയായപ്പോഴും ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് കത്തനാരുടെ ആത്മാവായിരിക്കും.

പഴയനിയമത്തിൽ യാക്കോബ് അനുഭവിച്ച ക്ലേശകരമായ ഒരു മൽപ്പിടുത്തത്തിൽനിന്നാണ് 'ഇസ്രായേൽ' പിറന്നത്. മലബാർ സഭയുടെ സുറിയാനി അംശങ്ങൾ നിലനിർത്തുന്നതിൽ കുടക്കച്ചിറ കത്തനാരുടെ സ്ഥാനവും മറ്റൊന്നല്ല. മാന്നാനം സെമിനാരിയിൽ നിന്ന് ഇറങ്ങിപ്പോന്നപ്പോഴും, പ്ലാശനാൽ ദയറ അടച്ചുപൂട്ടേണ്ടി വന്നപ്പോഴും, താൻ പഠിപ്പിച്ച വൈദികവിദ്യാർഥികൾക്കു തിരുപ്പട്ടം

നിഷേധിച്ചപ്പോഴും, മഹറോൻ ശിക്ഷയ്ക്കു വിധേയനായപ്പോഴും അദ്ദേഹം അനുഭവിച്ച ആന്തരികസംഘർഷം ചെറുതല്ലായിരുന്നു. കുടക്കച്ചിറക്കത്തനാരുടെ ചരിത്രം ഇത്തരം മൽപ്പിടുത്തങ്ങളുടെ ചരിത്രമാണ്. യാക്കോബ് പേരറിയാൻ പാടില്ലാത്ത ഒരു വ്യക്തി യുമായി ഏറ്റുമുട്ടുന്ന സംഭവം deeply enigmatic ആണ്. ആഴമായ പ്രബോധനമാണ്. ഉത്പത്തി 32:31 – 'ദൈവത്തെ ഞാൻ മുഖ ത്തോടുമുഖം കണ്ടു. എന്നിട്ടും ഞാൻ ജീവനോടെ ഇരിക്കുന്നല്ലോ എന്നു പറഞ്ഞുകൊണ്ട് യാക്കോബ് ആ സ്ഥലത്തിന് പെനുവേൽ എന്ന പേരിട്ടു. അവൻ പെനുവേൽ കടന്നപ്പോഴേക്കും സൂര്യനു ദിച്ചു. മൽപ്പിടുത്തത്തിലെ ഉളുക്കുനിമിത്തം അവൻ ഞൊണ്ടുന്നു ണ്ടായിരുന്നു.' യാക്കോബിന്റെ ആന്തരസംഘർഷമായിരുന്നു അത്. ഏസ്സാവിൽനിന്നു തട്ടിയെടുത്തതെല്ലാം തിരിച്ചുകൊടുത്തു. അപ്പോൾ യാക്കോബ് യഥാർത്ഥ യാക്കോബായി. മൽപ്പിടുത്തത്തിനു ശേഷം യാക്കോബിന് ഉളുക്ക് സംഭവിച്ചു. എല്ലാം തരണം ചെയ്തു കഴിഞ്ഞപ്പോഴും യാക്കോബിന് ഈ ഉളുക്ക് അവശേഷിച്ചു. Perhaps for a life time you bear scars, but they are honorable scars. മഹറോൻവഴി കുടക്കച്ചിറക്കത്തനാർക്കു ഒരു Limp ലഭിച്ചു. പക്ഷേ, അദ്ദേഹം വഹിച്ചിരുന്ന സഭാസ്നേഹം പരിഗണിക്കുമ്പോൾ അത് നമ്മുടെ സഭയ്ക്കുവേണ്ടിയുള്ള ഒരു Apostolic Scar ആയിരുന്നു. ഈ ശ്ലൈഹികസഭയുടെ ഉത്തമാംശം പിടിച്ചുനിർത്താനുള്ള സംഘർഷങ്ങളിൽ സംഭവിച്ച 'അനുഗൃഹീതമായ ഒരു ഞൊണ്ടൽ'. നസ്രാണിമക്കളെ ഉജ്ജ്വലമാംവിധം ഉറവിടങ്ങളിലേക്കു തിരിച്ചുവിട്ട സത്യസന്ധനായ പുരോഹിതനായിരുന്നു കുടക്കച്ചിറക്കത്തനാർ. സഭാസ്നേഹത്തിന്റെ നിറനിലാവ്, വെള്ളിവെളിച്ചം ഹൃത്തിൽ കാത്തുസൂക്ഷിച്ചവൻ. പ്രതിസന്ധികൾ സ്വയം പാകപ്പെടാനുള്ള അവസരങ്ങളായിട്ടാണ് അന്തോണിക്കത്തനാർ കണ്ടത്. എല്ലാ ദുർ വിശേഷങ്ങളിൽനിന്നും മാറി സുവിശേഷത്തിലേക്കു മടങ്ങിവരാൻ കുടക്കച്ചിറക്കത്തനാർ നമ്മെ ക്ഷണിക്കുന്നു. മിശിഹായുടെ മാർഗ ത്തിലൂടെ നടന്നവനായിരുന്നു അദ്ദേഹം. ഉള്ളൊരുക്കിയും ഉള്ളുരു ക്കിയുമായിരുന്നു അദ്ദേഹം സഭയുടെ സ്വയംഭരണത്തിനുവേണ്ടി യത്നിച്ചത്. ദയറാക്കാരനായിരുന്ന കുടക്കച്ചിറക്കത്തനാർ ഗുരുക്ക ന്മാരുടെ ഗുരുവിനെപ്പോലെയായിരുന്നു (മല്പാൻ മല്പാനേ).

ബഹു. ഓലിക്കൽ തോമ്മാച്ചന്റെ ജാഗ്രത്തായ അജപാലന കരുതലിന്റെ ഭാഗമായിട്ടാണ് ഇന്ന് നമ്മെ എല്ലാവരെയും 'പ്ലാശനാൽ ദയറായിൽ' എത്തിച്ചത്. നസ്രാണികളുടെ തനിമ ഉറഞ്ഞുകൂടിക്കിട ക്കുന്ന ഒരു കാലഘട്ടത്തിന്റെ ചരിത്രത്തിലേക്കാണ് അദ്ദേഹം എല്ലാവരെയും വിളിച്ചുകൂട്ടിയിരിക്കുന്നത്. സഭാചരിത്രത്തെ ഗൗരവ തരമായിട്ട് ബഹു. തോമ്മാച്ചൻ പരിഗണിച്ചുവെന്നത് ദൈവനി യോഗംതന്നെയാണ്. അന്തോണിക്കത്തനാരുടെ ഈ സ്മൃതി സൗധം നമ്മിൽ ഒരിക്കലും മറന്നുപോകാൻ പാടില്ലാത്ത ചരിത്ര ഓർമ്മകളുടെ 'കത്തുന്ന മുൾപടർപ്പാ'യിരിക്കട്ടെ. ചരിത്രം സത്യവും വെളിച്ചവുമാണ്. അതു പറയേണ്ടതും പകരേണ്ടതുമാണ്.

(ദീപിക, 2024 ഏപ്രിൽ 08, പേജ് 3)




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സിനായി വാക്ക് - ഇൻ - ഇന്റർവ്യൂ.**

മാർ സ്ലീവാ മെഡിസിറ്റിയിൽ സ്റ്റാഫ് നഴ്സിനായി വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തിവരുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും ഒപ്പം കേരള നഴ്സിംഗ് കൗൺസിൽ റജിസ്ട്രേഷൻ ഉള്ളവർക്കും പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ നേരിട്ടു ഹാജരാകണം. ഇന്റർവ്യൂ ദിവസത്തെക്കുറിച്ച് അറിയുന്നതിനും കൂടുതൽ വിവരങ്ങൾക്കും 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**അമ്പത്തേഴുകാരന്റെ മൂക്കിൽനിന്നു ജീവിയെ പുറത്തെടുത്തു**

57 കാരന്റെ മൂക്കിൽനിന്ന് അട്ടപോലെ തോന്നിക്കുന്ന ജീവിയെ (ലീച്ച്) മാർ സ്ലീവാ മെഡിസിറ്റിയിൽ പുറത്തെടുത്തു. മുണ്ടക്കയം സ്വദേശിയായ ഇദ്ദേഹത്തിന് രണ്ടാഴ്ചയോളം മൂക്കിനുള്ളിൽ അസ്വസ്ഥത അനുഭവപ്പെടുകയും കണ്ണുകളിൽ കൂടി വെള്ളം വരികയും ചെയ്തിരുന്നു. അസ്വസ്ഥത മാറാതെവരികയും മൂക്കിനുള്ളിൽനിന്നു രക്തംവരികയും ചെയ്തതോടെ മാർ സ്ലീവാ മെഡിസിറ്റിയിൽ അടിയന്തരചികിത്സ തേടി എത്തുകയായിരുന്നു. എമർജൻസി മെഡിസിൻ വിഭാഗം ഫിസിഷ്യൻ ഡോ. അഖിൽ ബാബുവിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് മൂക്കിനുള്ളിൽ ജീവിയെ കണ്ടെത്തിയത്. തുടർന്ന് ഈ ജീവിയെ ജീവനോടെതന്നെ പുറത്തെടുത്തു. മുണ്ടക്കയം പെരുവന്താനത്ത് ജോലി ചെയ്തിരുന്ന ഇദ്ദേഹം മലഞ്ചെരുവിൽനിന്ന് വെള്ളം കൈകളിൽ കോരിയെടുത്തു പലതവണ മുഖം കഴുകിയിരുന്നു. ഈ സമയത്ത് ജീവി മൂക്കിനുള്ളിൽ കയറിയതാകാമെന്നു കരുതുന്നു.

**ലീഡർ സ്പീക്സ് പരിപാടി സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ സമൂഹത്തിൽ ഉന്നതനിലയിൽ പ്രവർത്തിച്ചു വിജയം കൈവരിച്ച പ്രമുഖരെ ഉൾപ്പെടുത്തി നടത്തുന്ന ലീഡർ സ്പീക്സ് പരിപാടി സംഘടിപ്പിച്ചു. ആഴ്സെലർമിത്തൽ ഗ്രൂപ്പ് നോൺ എക്സിക്യൂട്ടീവ് ഡയറക്ടറും യൂറോപ്പിനു പുറത്തുനിന്നുള്ള ആദ്യ സി.ഇ.ഒയും ആയിരുന്ന ശ്രീ അഗസ്റ്റിൻ കൊച്ചുപറമ്പിൽ പ്രഭാഷണം നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു.

**വാഗമൺ കുരിശുമലയിലും അരുവിത്തുറ വല്യച്ചൻമലയിലും സൗജന്യ വൈദ്യസഹായം നൽകി**

വിശുദ്ധവാരാചരണത്തിന്റെ ഭാഗമായി വാഗമൺ കുരിശുമല, അരുവിത്തുറ വല്യച്ചൻമല എന്നിവിടങ്ങളിലേക്ക് മലകയറ്റം നടത്തിയ തീർഥാടകർക്കായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യവൈദ്യസഹായം നൽകി.

**സൗജന്യ ത്വക്ക് രോഗ പരിശോധനക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റി അരുവിത്തുറ മെഡിക്കൽ സെന്ററിൽ കുട്ടികൾക്കും മുതിർന്നവർക്കുമായി സൗജന്യ ത്വക്ക് രോഗ പരിശോധനക്യാമ്പ് നടത്തി. ഡെർമ റ്റോളജി വിഭാഗം കൺസൾട്ടന്റ് ഡോ. സംഗീത ജെയിംസ് നേതൃത്വം നൽകി.

**ജീവിതശൈലി ബോധനസെമിനാർ നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കാരിത്താസ് ഇന്ത്യ - ആശാകിരണം കാൻസർ സുരക്ഷായജ്ഞം പരിപാടിയുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ച് ജീവിതശൈലി ബോധനസെമിനാർ ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന പള്ളി ഹാളിൽ നടത്തി. ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. രവിശങ്കർ ടി. ആർ. നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ വാഴൂർ ചെങ്കൽ അസോവാ യൂണിറ്റ്, സെന്റ് വിൻസെന്റ് ഡി പോൾ, മാതൃവേദി, പിതൃവേദി എന്നീ സംഘടനകളുമായി സഹകരിച്ച് സൗജന്യ മെഡിക്കൽക്യാമ്പ് ചെങ്കൽപള്ളി പാരിഷ് ഹാളിൽ നടത്തി. വിദഗ്ദ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി. ചെങ്കൽ എസ്.എച്ച്. പള്ളി വികാരി റവ. ഫാ. വിൽഫിച്ചൻ തെക്കേവയ ലിൽ ഉദ്ഘാടനം ചെയ്തു.

**ഡോ. രാംദാസ് നായിക് എച്ച്. ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി കാർഡിയോളജി വിഭാഗത്തിൽ സീനിയർ കൺസൾട്ടന്റ് ആൻഡ് ഹെഡ് ഓഫ് കാർഡിയാക് സയൻസസ് ഇന്റർവെൻ ഷണൽ കാർഡിയോളജിസ്റ്റ് ആൻഡ് ഇലക്ട്രോഫിസിയോളജിസ്റ്റായി മുതിർന്ന ഹൃദ്രോഗവിദഗ്ധൻ ഡോ. രാംദാസ് നായിക് എച്ച്. ചുമതലയേറ്റു.

**ഡോ. ജോസഫ് ജെ. പുല്ലാട്ട് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി ഓർത്തോപീഡിക്സ് വിഭാഗത്തിൽ കൺസൾട്ടന്റായി ഡോ. ജോസഫ് ജെ. പുല്ലാട്ട് ചുമതലയേറ്റു.

**ഡോ. അനിറ്റ് കാതറീൻ ചാൾസ് ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റി ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗത്തിൽ ഡോ. അനിറ്റ് കാതറീൻ ചാൾസ് ചുമതലയേറ്റു.

**ഡോ. അസ്കർ അലി സി. വി. ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിങ് വിഭാഗത്തിൽ റേഡിയോളജിസ്റ്റായി ഡോ. അസ്കർ അലി സി.വി. ചുമതലയേറ്റു.

**ഡോ. കിരൺനാഥ് എ.വി. ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ അസോസിയേറ്റ് കൺസൾട്ടന്റായി ഡോ. കിരൺനാഥ് എ.വി. ചുമതലയേറ്റു.

**ഡോ. ജെറിൻ മിറിയം ജോൺസൺ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ എമർജൻസി മെഡിസിൻ വിഭാഗത്തിൽ എമർജൻസി ഫിസിഷ്യനായി ഡോ. ജെറിൻ മിറിയം ജോൺസൺ ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

റോമിലെ പൊന്തിഫിക്കൽ ഉർബൻ കോളേജിൽ പഠിച്ച വൈദികരുടെ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ മാനന്തവാടി രൂപതാമെത്രാന്മാർ ജോസ് പൊരുന്നേടം, മൂവാറ്റുപുഴ മുൻ മെത്രാൻ എബ്രാഹം മാർ ജൂലിയോസ്, കൊല്ലം രൂപതാ മുൻമെത്രാൻ റൈറ്റ് റവ. സ്റ്റാൻലി റോമൻ, എറണാകുളം അങ്കമാലി അതിരൂപതാ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് മാർ ബോസ്കോ പുത്തൂർ എന്നിവർ ഏപ്രിൽ 2 ന് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

ഗോഹട്ടി അതിരൂപതാ മുൻ ആർച്ചുബിഷപ് റൈറ്റ് റവ. തോമസ് മേനാംപറമ്പിൽ ഏപ്രിൽ 16 ന് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

റായ്പൂർ രൂപതാ മുൻമെത്രാൻ റൈറ്റ് റവ. ജോസഫ് അഗസ്റ്റിൻ ചരണകുന്നേൽ ഏപ്രിൽ 29 ന് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**യാത്രാമംഗളങ്ങൾ**

വി. അൽഫോൻസാമ്മയുടെ തീർത്ഥാടനകേന്ദ്രത്തിലെ ആറു മാസത്തെ ഡീക്കൻ മിനിസ്ട്രിക്കുശേഷം ഡീക്കൻ എബിൻ തയ്യിൽ കുറവിലങ്ങാട് ക്ലരീഷ്യൻ ആശ്രമത്തിലേക്കും ആറുമാസത്തെ റീജൻസിക്കുശേഷം ബ്രദർ ഡിറ്റോ ഇടമനശ്ശേരി പാലാ ബിഷപ്സ് ഹൗസിലേക്കും പോയി. ബഹു. ഡീക്കനും ബ്രദറിനും നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**ഹൃദ്യമായ സ്വാഗതം**

അൽഫോൻസാതീർത്ഥാടനകേന്ദ്രത്തിൽ ഡീക്കൻ മിനിസ്ട്രിക്കായി CMI സഭാംഗമായ ഡീക്കൻ അമൽ എടത്തിൽ ഏപ്രിൽ 12 ന് എത്തിച്ചേർന്നു. ബഹു. ഡീക്കനു ഹൃദ്യമായ സ്വാഗതം.

**സൺഡേ സ്കൂൾ കുട്ടികളുടെ സന്ദർശനം**

ഏപ്രിൽ മാസത്തിൽ നടത്തപ്പെട്ട വിശ്വാസോത്സവത്തോടനുബന്ധിച്ച് വിവിധ ഇടവകകളിൽനിന്നായി ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നൂറുകണക്കിനു കുട്ടികൾ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**ജപമാല മെഴുകുതിരി പ്രദക്ഷിണം**

സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചയും നടത്തിവരാറുള്ള ജപമാല മെഴുകുതിരി പ്രദക്ഷിണം ഏപ്രിൽ 13 ന് പൈങ്ങുളം ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ബഹു. വികാരി ഫാ. മാത്യു വെട്ടുകല്ലേൽ കാർമ്മികത്വം വഹിച്ചു. നാനൂറോളം ഇടവകക്കാർ ഇതിൽ പങ്കെടുത്തു.

ഏപ്രിൽ 20 ന് മണ്ണയ്ക്കനാട് ഇടവകയുടെ നേതൃത്വത്തിൽ ജപമാല മെഴുകുതിരി പ്രദക്ഷിണം നടത്തി. ബഹു. വികാരി ഫാ. സ്കറിയ മലമാക്കൽ വി. കുർബ്ബാന അർപ്പിച്ചു. നൂറോളം ഇടവകക്കാർ പങ്കെടുത്തു.

ഏപ്രിൽ 27 ന് നടത്തിയ ജപമാലപ്രദക്ഷിണത്തിൽ കടപ്ലാമറ്റം ഇടവക നേതൃത്വം നൽകി. വികാരി ബഹു. ഫാ. ജോസഫ് മുളഞ്ഞനാൽ വി. കുർബ്ബാന അർപ്പിച്ചു. ഇരുന്നൂറോളം ഇടവകക്കാർ പങ്കെടുത്തു.

മെയ് മാസത്തിലെ ജപമാല പ്രദക്ഷിണത്തിന് പയസ് മൗണ്ട് (മേയ് 4), പ്രവിത്താനം (മെയ് 11), പൊടിപ്പാറ ചങ്ങനാശ്ശേരി അതിരൂപത (മേയ് 18), കരൂർ (മേയ് 25) എന്നീ ഇടവകകൾ നേതൃത്വം നൽകും.

**വോളന്റിയേഴ്സ് മീറ്റ്**

തീർത്ഥാടനകേന്ദ്രത്തിൽ സേവനം ചെയ്യുന്ന വോളന്റിയർമാരുടെ മീറ്റിങ് ഏപ്രിൽ 20 ന് ഭരണങ്ങാനം സെന്റ് അൽഫോൻസാ സ്പിരിച്വാലിറ്റി സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**രാത്രിയാരാധന**

പാലാ രൂപതാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 27 ശനിയാഴ്ച വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തിയ രാത്രിയാരാധനയ്ക്ക് തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈൻ ഡയറക്ടർ ബഹു. ഫാ. ആന്റണി വിളയപ്പള്ളിൽ നേതൃത്വം നല്കി.

**മുൻ മേജർ ആർച്ചുബിഷപ്പിന്റെ സന്ദർശനം**

സീറോ മലബാർ സഭയുടെ മുൻ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഏപ്രിൽ 22 ന് വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുകയും ബഹു. വൈദികരോടൊപ്പം സായാഹ്നപ്രാർത്ഥനയിൽ പങ്കെടുക്കുകയും ചെയ്തു.

**റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**ഫൊറോന ഡയറക്ടർമാരുടെ യോഗം**

പാലാ രൂപതയിലെ വിവിധ ഫൊറോനകളിൽനിന്നുള്ള വിശ്വാസപരിശീലന ഡയറക്ടർമാരുടെ യോഗം 2024 ഏപ്രിൽ 8-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ബഹുമാനപ്പെട്ട വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ ഫാ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേരുകയും യോഗത്തിൽ ഫൊറോന ഡയറക്ടർമാർ തങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

**വിശ്വാസോത്സവം**

ഈ വർഷത്തെ വിശ്വാസോത്സവം വളരെ വിജയകരമായും ഭംഗിയായും നടത്തപ്പെട്ടു. 2024 ഏപ്രിൽ 2 മുതൽ 6 വരെയുള്ള തീയതികളിലായി നടത്തപ്പെട്ട വിശ്വാസോത്സവത്തിൽ ഭൂരിഭാഗം ഇടവകകളിലും വൈകുന്നേരംവരെയും ചില ഇടവകകളിൽ ഉച്ചവരെയുമായി ക്ലാസ്സുകൾ നടത്തപ്പെട്ടു. ചിലയിടങ്ങളിൽ രൂപതാ ഡയറക്ടർ വിശ്വാസോത്സവത്തിൽ പങ്കെടുത്ത് കുട്ടികളോടു സംസാരിച്ചു. ഒപ്പം, രൂപതയിലെ വൈദികവിദ്യാർത്ഥികൾ ഒരു ദിവസം ക്ലാസ്സുകൾ എടുക്കുകയും കുട്ടികളോടു സംവദിക്കുകയും ചെയ്തു.

**റീജന്റ്**

ആറുമാസം വിശ്വാസപരിശീലനകേന്ദ്രത്തിന്റെ റീജന്റായിരുന്ന ബ്രദർ തോമസ് മണിയങ്ങാട്ട് തന്റെ സ്തുത്യർഹമായ സേവനത്തിനുശേഷം തുടർപഠനത്തിനായി പോവുകയും തൽസ്ഥാനത്ത് പുതിയ റീജന്റായി ബ്രദർ ദേവസ്യാ നടുപ്പറമ്പിൽ ചാർജ് എടുക്കുകയും ചെയ്തു.

**പ്രതിഭാസംഗമം**

ഈ വർഷം 7-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികൾക്കായി 13.04.2024 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തിയ പ്രതിഭാസംഗമത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികളുടെ പേര് താഴെ ചേർക്കുന്നു.

| | |
|---|---|
| I$^{st}$ | ജോഹാൻ ജോസഫ് മംഗലത്തുകരോട്ട്, കാളികാവ് |
| | ദിയ ഡേവിസ് കല്ലറയ്ക്കൽ, കാവുംകണ്ടം |
| II$^{nd}$ | മിലൻ ബിജു മണാങ്കതടത്തിൽ, വലവൂർ |
| | ജോ ആനി സജി ഇളമ്പാശ്ശേരിയിൽ, മുട്ടുചിറ |
| III$^{rd}$ | എവിൻ ജോസ് പാട്ടത്തിൽ, സേവ്യർപുരം |
| | അലോൺസാ എസ്. സന്തോഷ് മണ്ണൂരെട്ടൊന്നിൽ, പ്ലാശനാൽ |

മേയ് 16,17,18 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസ്സിൽ വച്ച് നടക്കുന്ന സഭാതലപ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ഇവർ പങ്കെടുക്കുന്നതാണ്.

**വാർഷികപ്പരീക്ഷാ റിസൾട്ട് X, XII**

X, XII ക്ലാസ്സിലെ കുട്ടികളുടെ റിസൾട്ട് പ്രസിദ്ധീകരിച്ചു. പത്താം ക്ലാസ്സിൽ 94 % വിജയവും പന്ത്രണ്ടാം ക്ലാസ്സിൽ 91 % വിജയവും കൈവരിച്ചു.

**സ്കോളർഷിപ്പ് പരീക്ഷ**

ഏപ്രിൽ 28-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ 4 കേന്ദ്രങ്ങളിൽ വച്ചു നടത്തി.

**വിചിന്തനം ക്യാമ്പ്**

9-ാം ക്ലാസ്സിൽനിന്ന് 10-ാം ക്ലാസ്സിലേക്കു കയറുന്ന കുട്ടികൾക്കുള്ള വിചിന്തനം ക്യാമ്പ് ഏപ്രിൽ 15,16,17,18,19,20,25,27,29,30 തീയതികളിലായി നടത്തപ്പെട്ടു. മേയ്മാസത്തെ ക്യാമ്പുകൾ 3,4,7 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തുന്നതാണ്.

**പ്രഥമാദ്ധ്യാപകസമ്മേളനം**

പ്രഥമാദ്ധ്യാപകസമ്മേളനം 2024 ജൂൺ 1-ാം തീയതി ശനിയാഴ്ച 9.30 ന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. പുതിയ വിശ്വാസപരിശീലനവർഷം 2024 ജൂൺ 2 ന് ആരംഭിക്കുന്നു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# മിഷൻലീഗ് വാർത്തകൾ

---

**എക്സിക്യൂട്ടീവ് യോഗം**

ചെറുപുഷ്പമിഷൻലീഗിന്റെ ഏപ്രിൽ മാസത്തെ എക്സിക്യൂട്ടീവ് യോഗം ഏപ്രിൽ 7 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ. ജോബിൻ തട്ടാംപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി യോഗം മാർച്ചു മാസത്തെ പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച ചെയ്തു തീരുമാനങ്ങളെടുത്തു.

**കുഞ്ഞുമിഷനറി മാസിക**

മാർച്ചു മാസത്തിലെ കുഞ്ഞുമിഷനറി മാസിക pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും WhatsApp ഗ്രൂപ്പുകളിലൂടെ കുട്ടികളിലേക്ക് എത്തിച്ചു.

**ജൂണിയേഴ്സ് ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 2023 -2024 വർഷത്തെ രണ്ടാമത് ജൂനിയേഴ്സ് ക്യാമ്പ് ഏപ്രിൽ 9, 10 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തപ്പെട്ടു. പാലാ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, പ്രസിഡന്റ് ജോബിൻ റ്റി. ജോണി, വൈസ് ഡയറക്ർ സി. മോനിക്ക എസ്.എച്ച്, രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി. റവ. ഫാ. മാത്യു പുല്ലുകാലായിൽ, ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ, ശ്രീ സജോ ജോയി, സന്തോഷ് മരിയസദനം, ടോം ജോസ് ഒട്ടലാങ്കൽ, ബെന്നി മുത്തനാട്ട് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**മേഖലാ വാർത്തകൾ**

**ഇലഞ്ഞി മേഖല**

**മേഖലാ ഡയറക്ടറിന് സ്വീകരണം**

ഏപ്രിൽ 7 ന് നടത്തപ്പെട്ട C.M.L ഇലഞ്ഞി മേഖല മാനേജിങ് കമ്മിറ്റി യോഗത്തിൽ മേഖല ഡയറക്ടറായി നിയമിതനായ ഫാ. ജോസഫ് ആലാനിക്കലിനു സ്വീകരണം നൽകുകയും മേഖല ആഭിമുഖ്യത്തിൽ നടത്തേണ്ട അവധിക്കാല പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ മേഖലയുടെ പുതിയ സെക്രട്ടറിയായി ഇലഞ്ഞി യൂണിറ്റിൽനിന്ന് എബിൻ പീറ്ററിനെ നിയമിച്ചു. മേയ് മാസത്തിലേക്കായി Angel's Meet, Juniors Camp, Seniors Camp, Altar Boys Camp എന്നിവ നടത്താൻ തീരുമാനിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**സ്വാഗതം ചെയ്തു**

KCSL ഓഫീസിൽ റീജന്റ് ബ്രദറായി ചാർജ് എടുത്ത Bro. Shoji Joseph Kuzhikannil നെ KCSL കുടുംബത്തിലേക്കു സ്വാഗതം ചെയ്തു.

**Lumenz -camp**

ഏപ്രിൽ 22, 23, 24 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ച് HSS, HS വിഭാഗത്തിലെ കുട്ടികൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു. മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം നിർവഹിച്ചു. സമാപനസമ്മേളനത്തിൽ സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ കുട്ടികൾക്കു സന്ദേശം നൽകി. ബെസ്റ്റ് ക്യാമ്പർ, ബെസ്റ്റ് ഡയറി, ബെസ്റ്റ് ഗ്രൂപ്പ് എന്നീ സമ്മാനങ്ങൾ വിതരണം ചെയ്തു. 110 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

**കെ.സി.എസ്.എൽ. സ്റ്റേറ്റ് ക്യാമ്പ്**

ഈ വർഷത്തെ സ്റ്റേറ്റ് ക്യാമ്പ് കൊല്ലം ജില്ലയിൽ കൊട്ടിയം പാസ്റ്ററൽ സെന്ററിൽ വച്ച് ഏപ്രിൽ 27, 28, 29 തീയതികളിലായി നടത്തപ്പെട്ടു. പാലാ രൂപതയിൽനിന്ന് 9 കുട്ടികൾ പങ്കെടുത്തു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

---

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

---

**1. വല്യച്ചൻ മലയിലേക്ക് നോമ്പുകാലകുരിശുമല തീർത്ഥാടനം**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആതിഥേയത്വത്തിൽ കെ.സി. വൈ.എം സംസ്ഥാനസമിതി അരുവിത്തുറ വല്യച്ചൻമലയിലേക്ക് നോമ്പുകാല കുരിശുമലതീർത്ഥാടനം മാർച്ച് മാസം 25-ാം തീയതി നടത്തി. പാലാ രൂപത വിശ്വാസപരിശീലന ഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

സന്ദേശം നൽകി. സംസ്ഥാനം, രൂപത, മേഖല, യൂണിറ്റ് തലങ്ങളിൽനിന്നും ഡയറക്ടർ, ഭാരവാഹികൾ എന്നിവരും നാനൂറിലധികം യുവജനങ്ങളും പങ്കെടുത്തു.

**2. കെ.സി.വൈ.എം പ്രവർത്തനവർഷോദ്ഘാടനം പാലായിൽ**

എസ്.എം.വൈ.എം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം സംസ്ഥാനസമിതിയുടെ പ്രവർത്തനവർഷോദ്ഘാടനവും കർമ്മരേഖ പ്രകാശനവും ഏപ്രിൽ 7-ാം തീയതി പാലാ രൂപതയുടെ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

**3. 'സ്നേഹ ഭവനം' തറക്കലിടൽ**

യുവജനവർഷത്തിൽ എസ്.എം.വൈ.എം. പാലാ രൂപത നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ തറക്കല്ലീടിൽ പാലാ രൂപത ഫിനാൻസ് ഓഫീസർ റവ. ഫാ. ജോസഫ് മുത്തനാട്ട് നിർവഹിച്ചു.

**4. സ്വാഗതം**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ബ്രദർ റീജന്റായി നിയമിതനായ ബ്രദർ ജോസഫ് തുരുത്തേലിന് എസ്.എം.വൈ.എം പാലാ രൂപതാസമിതി രൂപത കുടുംബത്തിലേക്കു സ്വാഗതം ചെയ്തു.

**5. 'ദ കേരളാ സ്റ്റോറി' പാലാ രൂപതയുടെ നിലപാട്**

കേരള സ്റ്റോറി എന്ന ചിത്രം പ്രദർശിപ്പിക്കുന്നതിനെക്കുറിച്ചുള്ള പാലാ രൂപതയുടെ നിലപാട് അറിയിച്ചുകൊണ്ട് സർക്കുലർ ഇറക്കി. അതോടൊപ്പം ചിത്രം പ്രദർശിപ്പിച്ച ഇടുക്കി രൂപതയ്ക്ക് അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

**6. ചരിത്രസിമ്പോസിയം**

'മാതൃസഭയെ അറിയുക, സ്നേഹിക്കുക' എന്ന ലക്ഷ്യത്തോടെ രൂപതാസമിതി എസ്.എം.വൈ.എം ഇലഞ്ഞി ഫൊറോനയുടെയും എസ്.എം.വൈ.എം ഇലഞ്ഞി യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ചരിത്രസിമ്പോസിയം നടത്തപ്പെട്ടു. മാതൃസഭയെ അറിയുക, സ്നേഹിക്കുക എന്ന വിഷയത്തിൽ ഊന്നി നിന്നുകൊണ്ട് ശ്രീ അനിൽ മാനുവൽ ഏപ്രിൽ പത്താം തീയതി യുവജനങ്ങൾക്ക് ക്ലാസ്സെടുത്തു. ഇരുന്നൂറിലധികം യുവജനങ്ങൾ പങ്കെടുത്തു.

**7. ആദരാഞ്ജലികൾ അർപ്പിച്ചു.**

പാലാ രൂപതയുടെ യുവജനപ്രസ്ഥാനത്തിന്റെ ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റിയുടെ പ്രിയ പിതാവ് ശ്രീ കെ.എം. തോമസ് കൊഴുപ്പൻകുറ്റിയുടെ നിര്യാണത്തിൽ രൂപതാകുടുംബം അനുശോചനമർപ്പിച്ചു.

**8. കരിയർ ഗൈഡൻസ് – സോൺ ഇ**

കുറവിലങ്ങാട്, കടുത്തുരുത്തി, കോതനല്ലൂർ, മുട്ടുചിറ, ഇലഞ്ഞി എന്നീ ഫൊറോനയിലെ യുവജനങ്ങൾക്കായി കുറവിലങ്ങാട് യൂണിറ്റിന്റെ ആതിഥേയത്വത്തിൽ കുറവിലങ്ങാട് ഫൊറോനയിൽ കരിയർ ഗൈഡൻസ് ക്ലാസ് നടത്തപ്പെട്ടു. നൂറിലധികം യുവജനങ്ങൾ പങ്കെടുത്തു.

**9.** ഓസ്ട്രേലിയയിൽ പള്ളിക്കുള്ളിൽ വച്ച് ആക്രമിക്കപ്പെട്ട മാർ മാറി ഇമ്മാനുവൽ പിതാവിനുവേണ്ടി പ്രാർത്ഥിക്കാം, ഭീകരത അത് ഏതുവിധത്തിലുള്ളതായാലും ചെറുക്കപ്പെടണം വെറുക്കപ്പെടണം എന്നു ബോധ്യപ്പെടുത്തികൊണ്ട് സോഷ്യൽ മീഡിയയിൽ പോസ്റ്റർ പബ്ലിഷ് ചെയ്തു.

**10. യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം (YATP)**

പാലാ രൂപതയുടെ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന യൂത്ത് ആനിമേറ്റസ് ട്രെയിനിങ് പ്രോഗ്രാം (YATP) 31-ാം ബാച്ചിന്റെ ഉദ്ഘാടനം പാലാ രൂപതയുടെ വികാരി ജനറാൾ. മോൺ. ജോസഫ് കണിയോടിക്കൽ 19-ാം തീയതി വെള്ളിയാഴ്ച പാലാ അൽഫോൻസിയൻ പാസ്റ്ററിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നിർവഹിച്ചു. യുവജനവർഷത്തിൽ അമ്പതിലധികം യുവജനങ്ങൾ YATPയിൽ പങ്കെടുക്കുന്നു.

**10. ലീഡർഷിപ് ട്രെയിനിങ് ക്യാമ്പ്**

പാലാ രൂപതയെ മേഖല, യൂണിറ്റ് തലത്തിൽ കരുത്തുറ്റ നേതൃത്വം നൽകി നയിക്കുന്ന യുവജനങ്ങളുടെ നേതൃത്വവികസനത്തിനായി പാലാ രൂപതയുടെ ആതിഥേയത്വത്തിൽ ഏപ്രിൽ 20, 21 തീയതികളിൽ ലീഡർഷിപ്പ് ട്രെയിനിങ് ക്യാമ്പ് നടത്തപ്പെട്ടു. അറുപതിലധികം യുവജനങ്ങൾ പങ്കെടുത്തു.

**11. CHAT WITH 'VG'**

'രൂപത യുവജനങ്ങളോടൊപ്പം' എന്ന ബോധ്യം യുവജനങ്ങളിൽ സൃഷ്ടിക്കുവാൻ പാലാ രൂപതയുടെ വികാരി ജനറൽ മോൺ. ജോസഫ് കണിയോടിക്കലിനോടു സംസാരിക്കുവാൻ യുവജനങ്ങൾക്ക് ചർച്ചാവേദിയൊരുക്കി.

**12. എക്സിക്യൂട്ടീവ് മീറ്റിംഗ്**

രൂപത യുവജനപ്രസ്ഥാനത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തുക, പുതിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഏപ്രിൽ മാസം ഇരുപത്തിയൊന്നാം തീയതി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**13. ഷൂട്ടിംഗ്**

'സ്വർഗ്ഗം' എന്ന സിനിമയുടെ ഭാഗമാകുവാൻ യുവജനങ്ങൾക്ക് അവസരം നൽകി.

**14. 'ഉണർവ്' ടാസ്ക് ഫോഴ്സ്**

രൂപതയുടെ, സമൂഹത്തിന്റെ ഏതൊരു ആപത്ഘട്ടത്തിലും നിരത്തിലിറങ്ങി പ്രവർത്തിക്കുവാൻ സജ്ജരായ ഒരുകൂട്ടം യുവജനങ്ങളെ രൂപീകരിക്കുകയെന്ന ലക്ഷ്യത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ സഹകരണത്തോടെ ഏപ്രിൽ മാസം 24-ാം തീയതി ഉണർവ്, ടാസ്ക് ഫോഴ്സ് രൂപീകരണം, പരിശീലനം നടത്തപ്പെട്ടു.

**15. നിധീരിക്കൽ മാണിക്കത്തനാർ 6's ഫുട്ബോൾ ടൂർണ്ണമെന്റ്**

മുട്ടുചിറ ഫൊറോനയുടെ ആതിഥേയത്വത്തിൽ പാലാ രൂപതയുടെ ഫുട്ബോൾ ടൂർണ്ണമെന്റ് നിധീരിക്കൽ മാണിക്കത്തനാർ 6's ഫുട്ബോൾ ടൂർണ്ണമെൻറ് 'THE ARENA' ഏപ്രിൽ 26, 27, 28 തീയതികളിൽ നടത്തപ്പെട്ടു. അറുപതിലധികം ടീമുകൾ പങ്കെടുത്തു.

**16. കരിയർ ഗൈഡൻസ് - സോൺ A**

പാലാ, ഭരണങ്ങാനം, ചേർപ്പുങ്കൽ, രാമപുരം എന്നീ ഫൊറോനകളിലെ യുവജനങ്ങൾക്കായി പൈക യൂണിറ്റിന്റെ ആതിഥേയത്വത്തിൽ പാലാ ഫൊറോനയിൽ കരിയർ ഗൈഡൻസ് ക്ലാസ് നടത്തപ്പെട്ടു. നൂറിലധികം യുവജനങ്ങൾ പങ്കെടുത്തു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**ബ്ലൂമിങ് റോസ്സ്**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പാലാ രൂപതയിലെ എട്ടാം ക്ലാസ് മുതൽ പ്ലസ്ടു വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ബ്ലൂമിങ് റോസസ് എന്ന പ്രോഗ്രാം പൈക ജ്യോതി പബ്ലിക് സ്കൂളിൽ വച്ച് ഏപ്രിൽ 11 മുതൽ 14 വരെ നടത്തപ്പെട്ടു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. പാലാ രൂപത ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപള്ളിയിൽ, ഫാ. ടോണി ചൊവ്വേലിക്കുടിലിൽ, ഫാ. സാന്റോ തുടങ്ങിയവരുടെയും വിവിധ കോൺഗ്രിഗേഷനിലുള്ള സിസ്റ്റേഴ്സിന്റെയും പല പ്രായത്തിലുള്ള ജീസസ് യൂത്ത് അംഗങ്ങളുടെയും സജീവസാന്നിധ്യം ഈ പ്രോഗ്രാമിനെ ഏറെ മനോഹരമാക്കി. പാലായിലെ വിവിധ ഭാഗങ്ങളിൽനിന്നായി 300 കുഞ്ഞുങ്ങളും നൂറിലധികം വോളണ്ടിയേഴ്സും ഒന്നുചേർന്ന സ്നേഹത്തിന്റെ ആഘോഷമായിരുന്നു ബ്ലൂമിങ് റോസസ്. ഈശോയുടെ സ്നേഹം ആഴത്തിൽ അനുഭവിക്കാനും അത് മറ്റുള്ളവർക്കു പകർന്നുകൊടുക്കാൻ കഴിയുന്ന വിധത്തിൽ കുഞ്ഞുങ്ങളെ പ്രാപ്തരാക്കാനും കഴിഞ്ഞ പ്രോഗ്രാമായിരുന്നു ബ്ലൂമിങ് റോസസ്.

**വോളണ്ടിയേഴ്സ് ഗ്യാതറിങ്**

ബ്ലൂമിങ് റോസസിന്റെ വോളണ്ടിയേഴ്സിനായി 2024 മാർച്ച് 22 വൈകുന്നേരം 5 മണി മുതൽ മാർച്ച് 23 വൈകുന്നേരം 4 മണി വരെ രാമപുരം അൽഫോൻസാ റിന്യൂവൽ സെന്ററിൽ വച്ച് വോളണ്ടിയേഴ്സ് ഗ്യാതറിങ് നടത്തപ്പെട്ടു. കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിച്ച് ഒരുങ്ങുവാനും എങ്ങനെ നല്ല മിഷണറി ആവാമെന്ന് അറിയാനുമായി ഏകദേശം മുപ്പതുപേർ പങ്കെടുത്തു.

**പരിശുദ്ധ അമ്മയോടൊപ്പം കുരിശിന്റെ വഴി യാത്ര**

2024 മാർച്ച് 29 ദുഃഖവെള്ളിയാഴ്ച വൈകുന്നേരം 7 മണി മുതൽ അരുവിത്തുറയിൽനിന്നു വാഗമണ്ണിലേക്കു കാൽനടയായി പരിശുദ്ധ അമ്മയോടൊപ്പം കുരിശിന്റെ വഴിയാത്ര നടന്നു. പാലായിൽനിന്ന് 25 യുവാക്കൾ ഈ കാൽനടയാത്രയിൽ പങ്കുചേർന്നു.

**കമ്മ്യൂണിയൻ**

കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സിസ്റ്റേഴ്സിനായി ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ കമ്മ്യൂണിയൻ എന്ന പ്രോഗ്രാം നടത്തപ്പെട്ടു. 2024 ഏപ്രിൽ 5 മുതൽ 7 വരെയാണ് വരെ പാലാരിവട്ടം പി.ഒ.സി. യിൽ വച്ചാണ് ഈ പ്രോഗ്രാം നടത്തപ്പെട്ടത്. പാലായിൽനിന്ന് 12 സിസ്റ്റേഴ്സ് ഈ പ്രോഗ്രാമിൽ പങ്കെടുത്തു. ജീസസ് യൂത്ത് കുടുംബത്തോടൊപ്പം ചേർന്നുനിൽക്കുവാനും ഈശോയെ അനേകർക്കു കൊടുക്കുവാനും കഴിയുന്ന വിധത്തിലുള്ളതായിരുന്നു ഈ പ്രോഗ്രാം.

**മംഗളവാർത്താധ്യാനം**

കുഞ്ഞുങ്ങളെ ഉദരത്തിൽ സ്വീകരിച്ചവർക്കും സ്വീകരിക്കാൻ ഒരുങ്ങുന്ന ദമ്പതികൾക്കുമായി പാലാ രൂപത മംഗളവാർത്ത ടീമിന്റെയും ജീസസ് യൂത്തിന്റെയും നേതൃത്വത്തിൽ 2024 ഏപ്രിൽ 19 മുതൽ 12 വരെ കൊടുമ്പിടി താബോർ

ധ്യാനകേന്ദ്രത്തിൽ വച്ച് മംഗളവാർത്താധ്യാനം നടത്തപ്പെട്ടു. ഫാ. കുര്യൻ മറ്റം, ഫാ. മാത്യു എണ്ണയ്ക്കാപള്ളിയിൽ തുടങ്ങിയവർ നേതൃത്വം വഹിച്ചു.

**നൈറ്റ് വിജിൽ**

2024 ഏപ്രിൽ 5 ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻ പള്ളിയിൽ വച്ച് വൈകുന്നേരം ഏഴര മുതൽ ഏപ്രിൽ 6 രാവിലെ 6 മണി വരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായും പ്രത്യേകിച്ച് ബ്ലൂമിങ് റോസസിനുമായി പ്രാർത്ഥിക്കുവാനും ഒന്നുചേർന്ന നൈറ്റ് വിജിൽ ആയിരുന്നു കഴിഞ്ഞത്.

**ബിരിയാണി ചലഞ്ച്**

ബ്ലൂമിങ് റോസസ് പ്രോഗ്രാമിന് ആവശ്യമായ സാമ്പത്തികം കണ്ടുപിടിക്കുന്നതിനായി പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ബിരിയാണി ചലഞ്ച് നടത്തപ്പെട്ടു. ഒരു കുട്ടിക്കായുള്ള ബിരിയാണിയുടെ തുക സ്പോൺസർ ചെയ്തുകൊണ്ട് സുവിശേഷവേലയിൽ പങ്കെടുക്കുകയാണ് ഇവിടെ ചെയ്തത്.

**ആക്രി പെറുക്കൽ**

2024 ഏപ്രിൽ 11 മുതൽ 14 വരെ നടന്ന ബ്ലൂമിങ് റോസസ് പ്രോഗ്രാമിന് ആവശ്യമായ സാമ്പത്തികം കണ്ടുപിടിക്കുന്നതിന് പൈക ഇടവകയിലെ എല്ലാ കുടുംബങ്ങളിലും പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 2024 ഏപ്രിൽ ഏഴാം തീയതി ആക്രിപെറുക്കൽ നടന്നു. പതിനഞ്ചോളം യുവതീയുവാക്കൾ ഒന്നുചേർന്ന് രാവിലെമുതൽ വൈകുന്നേരംവരെ വിവിധ ഭവനങ്ങളിൽ ആക്രി പെറുക്കുകയും സാമ്പത്തികസഹായം സ്വീകരിക്കുകയും ചെയ്തു.

**നന്ദിയുടെ വിശുദ്ധ കുർബാന**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ബ്ലൂമിങ് റോസസ് പ്രോഗ്രാമിന് നന്ദി പറഞ്ഞുകൊണ്ട് 2024 ഏപ്രിൽ 21 ഞായറാഴ്ച വൈകുന്നേരം ഒന്നര മുതൽ അഞ്ചു മണിവരെ വിശുദ്ധ കുർബാന അർപ്പണവും വോളണ്ടിയേഴ്സ് ഒന്നുചേർന്ന നന്ദിയുടെ കൂട്ടായ്മയും നടത്തപ്പെട്ടു. പാലാ രൂപത ജീസസ് യൂത്ത് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് വോളണ്ടിയേഴ്സ് കർത്താവിന് നന്ദി പറഞ്ഞു പ്രാർത്ഥിക്കുകയും തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഏകദേശം 50 വോളണ്ടിയേഴ്സ് ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

**ഏകദിനപ്രോഗ്രാം**

പാലാ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ കുടയത്തൂർ ഇടവകയിൽ 2024 ഏപ്രിൽ ഏഴിന് ഏകദിനപ്രോഗ്രാം നടത്തപ്പെട്ടു. നൂറിലധികം കുഞ്ഞുങ്ങളും യുവജനങ്ങളും ഒന്നുചേർന്ന ഈ പ്രോഗ്രാമിൽ ദൈവസ്നേഹം ആഴത്തിൽ അനുഭവിക്കുവാനും ക്രിസ്തുവിന്റെകൂടെ ആയിരിക്കുവാനും ഇടവകയിലെ കുഞ്ഞുങ്ങൾക്കു കഴിഞ്ഞു.

**മധ്യസ്ഥപ്രാർത്ഥന**

എല്ലാദിവസവും വൈകുന്നേരം 8:30 ക്ക് ഓൺലൈനായി ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ എട്ടുമുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു നടത്തപ്പെടുന്ന ധ്യാനം ബ്ലൂമിങ് റോസസിനുവേണ്ടിയും

സോണിന്റെ മറ്റ് നിയോഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിച്ചു. പാലാ സോൺ ഒന്നിച്ച് നയിക്കുന്ന ഈ പ്രാർത്ഥന അനേകരെ യേശുവിലേക്ക് അടുപ്പിച്ചു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**ഓൺലൈൻ പ്രയർ മീറ്റിംഗ്**

എല്ലാ വ്യാഴാഴ്ചയും വൈകുന്നേരം എട്ടരമുതൽ പത്തരവരെ സൂം പ്ലാറ്റ്ഫോമിൽ ഓൺലൈൻ പ്രയർ മീറ്റിങ് നടത്തപ്പെടുന്നു. ഈശോയുടെ ഒപ്പം, അവിടുത്തെ സ്നേഹത്തിൽ ആയിരിക്കുവാനും കഴിഞ്ഞ മണിക്കൂറുകൾ ആയിരുന്നു കടന്നുപോയത്.

**കുരിശിന്റെവഴി**

ജീസസ്സ് യൂത്ത് പാലാ സോണിന്റെ വിവിധ നിയോഗങ്ങളെ സമർപ്പിച്ചു കൊണ്ട് വ്യാഴാഴ്ചകളിൽ വൈകുന്നേരം 5:30 ന് കുരിശിന്റ വഴി ചൊല്ലി അരുവിത്തുറ വല്യച്ചൻമല കയറി.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1) ഏപ്രിൽ 14 ന് കാവുംകണ്ടം സെന്റ് മരിയ ഗൊരേത്തി ഇടവകയിലെ കുടുംബ ക്കൂട്ടായ്മ നേതൃത്വസംഗമം വികാരി ഫാ. സ്കറിയ വേകത്താനം ഉദ്ഘാടനം ചെയ്തു. കൂട്ടായ്മാനുഭവത്തിൽ കുടുംബം വളരാൻ എന്ന വിഷയത്തെക്കുറിച്ച് രൂപത കുടുംബക്കൂട്ടായ്മ ജോയിന്റ് സെക്രട്ടറി ശ്രീ സണ്ണി തെക്കേടത്ത് സെമിനാർ നയിച്ചു.

2) എപ്രിൽ 21 ന് ഉള്ളനാട് തിരുഹൃദയ ദൈവാലയത്തിലെ ഇടവകസംഗമവും കുടുംബക്കൂട്ടായ്മ വാർഷികവും ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ആശംസ കൾ നേർന്നു സംസാരിച്ചു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ഏപ്രിൽ 8-10, 22-24** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 253 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**മേയ് 10-12, 24-26, ജൂൺ 7-9, 17-19** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ഏപ്രിൽ മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ്

മീറ്റിങ്ങിൽ പ്രൊഫ. ആൻസി ജോർജ്, പ്രോഫ. റ്റി.സി. തങ്കച്ചൻ എന്നിവർ ക്ലാസ്സെടുത്തു. 426 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. ഡയറക്ടേഴ്സ് മീറ്റിങ്**

ഏപ്രിൽ 29-ാം തീയതി 10 മണിക്ക് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടേഴ്സ് മീറ്റിങ്ങിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**B. പിതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ഏപ്രിൽ 7-ാം തീയതി രാമപുരം ഇടവകയിൽ വച്ച് റവ.ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി.

**2. പ്രവർത്തനവർഷോദ്ഘാടനം**

ഏപ്രിൽ 7-ാം തീയതി രാമപുരം മേഖലയുടെ പ്രവർത്തനവർഷോദ്ഘാടനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നിർവഹിച്ചു. വികാരി വെരി. റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ജോസ് തോമസ് മുത്തനാട്ട് മുഖ്യപ്രഭാഷണം നടത്തി. ഏപ്രിൽ 14-ാം തീയതി പൂഞ്ഞാർ മേഖല, ഏപ്രിൽ 21-ാം തീയതി തുടങ്ങനാട് മേഖല, ഏപ്രിൽ 24-ാം തീയതി പ്രവിത്താനം മേഖല പ്രവർത്തനവർഷോദ്ഘാടനവും നടത്തപ്പെട്ടു.

**4. രൂപതാസമിതി**

ഏപ്രിൽ 27-ാം തീയതി ഷലോം പാസ്റ്ററൽ സെന്റിൽ രൂപതാസമിതി നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പിതൃവേദി പ്രവർത്തനങ്ങൾ വിലയിരുത്തുകയും കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

**C. മാതൃവേദി**

**1. രൂപതാസമിതി**

ഏപ്രിൽ 16-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപതാസമിതി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**2. എക്സിക്യൂട്ടീവ് മീറ്റിങ്**

ഏപ്രിൽ 18-ാം തീയതി റവ.ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ചകൾ നടത്തി.

**D. പ്രോലൈഫ്**

**1. മീറ്റിങ്**

മാർച്ച് 23-ാം തീയതി രാവിലെ 10 മണിക്ക് കോതമംഗലത്ത് വച്ചു നടന്ന പ്രോലൈഫ് വാർഷികസമ്മേളനത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപത പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ്, സംസ്ഥാന ആനിമേറ്റർ സി. മേരി ജോർജ് എന്നിവർ പങ്കെടുത്തു. 2025 മാർച്ച് മാസത്തിൽ പാലായിൽ വച്ച് നടക്കുന്ന പ്രോലൈഫ് വാർഷികസമ്മേളനത്തിന്റെ ദീപശിഖ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഏറ്റുവാങ്ങി.

## E. സീറോ മലബാർ പാലാ മാട്രിമണി

### 1. ഡേറ്റ സ്വീകരണം

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

### 2. കോർ കമ്മിറ്റി ഓൺലൈൻ മീറ്റിങ്

ഏപ്രിൽ 22-ാം തീയതി കോർ കമ്മിറ്റിയിലെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള മീറ്റിംഗ് ഓൺലൈനായി നടത്തപ്പെട്ടു. കോർ കമ്മിറ്റി അംഗങ്ങൾ എല്ലാവരും ഓരോ ബ്രാഞ്ചിലെയും കാര്യങ്ങൾ ചർച്ച ചെയ്തു.

### 3. ഡയറക്ടേഴ്സ് മീറ്റിങ്

ഏപ്രിൽ 30-ാം തീയതി കൊരട്ടിയിൽ വച്ച് നടന്ന സീറോ മലബാർ മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിങ്ങിൽ റവ.ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

### 4. മീറ്റിങ്

മാർച്ച് 20-ാം തീയതി തൃശൂർ, ഇരിങ്ങാലക്കുട രൂപതകളിൽ നടന്ന സീറോ മലബാർ മാട്രിമണിയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ചു.

## F. ഹോംമിഷൻ

### 1. പരിശീലനപരിപാടി

ഏപ്രിൽ 1-3 തീയതികളിൽ പാലാ രൂപതയിലെ ഇടവകകൾ കേന്ദ്രീകരിച്ചുള്ള ഹോംമിഷൻ പദ്ധതിക്ക് ഒരുക്കമായുള്ള പരിശീലനപദ്ധതിയുടെ 1-ാം ബാച്ചിന്റെ പരിശീലനം പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിക്കു മുന്നോടിയായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഏപ്രിൽ 12-14 തീയതികളിൽ 2-ാം ബാച്ചിന്റെ പരിശീലനവും നടത്തപ്പെട്ടു. പരിശീലനപദ്ധതിക്കു നേതൃത്വം നൽകുന്ന ഹോളിഫാമിലി സന്ന്യാസിനീസമൂഹത്തിലെ ആറു ബഹുമാനപ്പെട്ട സിസ്റ്റേഴ്സും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ഏവർക്കും നന്ദി അർപ്പിക്കുകയും ചെയ്തു. രൂപതയിലെ വിവിധ സന്ന്യാസിനീസമൂഹങ്ങളിലെ 306 സിസ്റ്റേഴ്സ് പരിശീലനം പൂർത്തിയാക്കി.

### 2. മീറ്റിംഗ്

ഏപ്രിൽ 6-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ.ഫാ. ജോസഫ് നരിതൂക്കിലിന്റെ അദ്ധ്യക്ഷതയിൽ ഇന്റൻസീവ് ഹോം മിഷന്റെ ധ്യാനത്തിന് ഓരോ സന്ന്യാസിനീസമൂഹത്തിന്റെയും നേതൃത്വം വഹിക്കുന്ന ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ മീറ്റിങ് നടത്തപ്പെട്ടു.

**3. ഹോംമിഷൻ നടന്ന ഇടവകകൾ**

ഏപ്രിൽ മാസത്തിൽ ഹോംമിഷൻ നടന്ന ഇടവകകൾ

എസ്.എച്ച് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ

ഏപ്രിൽ 10 - കുളമാവ്
14 - അടിവാരം
18 -പയസ്മൗണ്ട്
22 - മേരിലാന്റ്
28 - കുടക്കച്ചിറ

എഫ്.സി.സി ഭരണങ്ങാനം സിസ്റ്റേഴ്സ്

ഏപ്രിൽ 15-20 - തിടനാട്
22-25 - ചൂണ്ടച്ചേരി
27 - മണിയംകുന്ന്
29 - അറക്കുളം ന്യൂ

എൽ.എ.ആർ സിസ്റ്റേഴ്സ്

ഏപ്രിൽ 22 - മണ്ണയ്ക്കനാട്

എസ്.എ.ബി.എസ് സിസ്റ്റേഴ്സ്

ഏപ്രിൽ16 - നെല്ലിയാനി
23 - ഉരുളിക്കുന്നം
28 - മഞ്ഞാമറ്റം
29 - പൂവക്കുളം

എഫ്.സി.സി പാലാ സിസ്റ്റേഴ്സ്

ഏപ്രിൽ 7 - പാളയം
13 - രത്നഗിരി
14 - മണലുങ്കൽ
22 - വേദഗിരി

സി.എം.സി സിസ്റ്റേഴ്സ്

ഏപ്രിൽ 18 -പ്രവിത്താനം
27 - മുത്തോലി
30 - തിരുമാറാടി

എസ്.എം.എസ് സിസ്റ്റേഴ്സ്

ഏപ്രിൽ 22 - ചക്കിക്കാവ്
23 - പെരിയപ്പുറം

ഹോളി ഫാമിലി ഇരിങ്ങാലക്കുട

ഏപ്രിൽ 10 - മുട്ടുചിറ

ഹോളി ഫാമിലി ഡൽഹി സിസ്റ്റേഴ്സ്

ഏപ്രിൽ 15- മുളക്കുളം
22- വാക്കാട്

ഡി.എസ്.റ്റി സിസ്റ്റേഴ്സ്

ഏപ്രിൽ 21- കുടക്കച്ചിറ
29- കാവാലി

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് അവധിക്കാല ക്ലാസ്സുകൾ ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയിന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയിന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ , കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ — **7306293048**

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി ഏപ്രിൽ മാസത്തിൽ **ഉാലം പഴയപള്ളി, ചേന്നാട്, അരുവിത്തുറ** ഇടവകയിലെ പെൺകുട്ടിക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**പ്രതിനിധിസമ്മേളനം**

2024 മാർച്ച് 23-ാം തീയതിവരെ തിരഞ്ഞെടുപ്പ് നടത്തി. രൂപതയിൽ രജിസ്റ്റർ ചെയ്തു യൂണിറ്റുകളിലെ ഭാരവാഹികളുടെ യോഗം 30-3-2024 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. എസ്.എം.വൈ.എം. ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി ആശംസകൾ നേർന്നു സംസാരിച്ചു. രാജീവ് കൊച്ചുപറമ്പിൽ ചർച്ചകൾക്കു നേതൃത്വം നൽകി. ജോസ് വട്ടുകുളം, ജോയി മാത്യു എന്നിവർ സംസാരിച്ചു.

**തീരുമാനങ്ങൾ**

1. 106-ാം ജന്മദിനസമ്മേളനം പാലാ രൂപതയുടെ നേതൃത്വത്തിൽ നടത്തുന്നതിനാൽ ഫൊറോന, രൂപത തിരഞ്ഞെടുപ്പുകൾ ഉടനെ നടത്തുക.

2. നിയമാവലി അനുസരിച്ച് അഞ്ചു യൂണിറ്റുകളുള്ള ഫൊറോനകളിലെ ഫൊറോന തിരഞ്ഞെടുപ്പ് നടത്താവൂ. അതനുസരിച്ചു നിലവിൽ ലിസ്റ്റുപ്രകാരം പത്തു ഫൊറോനകളിൽ തിരഞ്ഞെടുപ്പ് നടത്താം. അതു ഏപ്രിൽ 6,7 (ശനി, ഞായർ) ദിവസങ്ങളിൽ തിരഞ്ഞെടുപ്പു നടത്താൻ തീരുമാനിച്ചു.

കോതനല്ലൂർ, മുട്ടുചിറ, കുറവിലങ്ങാട്, ചേർപ്പുങ്കൽ, അരുവിത്തുറ, ഭരണങ്ങാനം, തീക്കോയി, പൂഞ്ഞാർ, രാമപുരം, തുടങ്ങനാട് എന്നിവയാണ് ഫൊറോനകൾ.

3. രൂപതാ തിരഞ്ഞെടുപ്പ് ഏപ്രിൽ 14 ന് പൂർത്തിയാക്കണമെന്നും തീരുമാനിച്ചു. അതനുസരിച്ച് ഏപ്രിൽ 8 ന് വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിക്കുക.

ഏപ്രിൽ 11 ന് രാവിലെ 10 മുതൽ 1 മണിവരെ നോമിനേഷൻ ഓഫീസിൽ വച്ചു സ്വീകരിക്കുക.

ഏപ്രിൽ 12 ന് രാവിലെ 10 മുതൽ 12 മണിവരെ നോമിനേഷൻ പിൻവലിക്കുക. ലിസ്റ്റ് പ്രസിദ്ധീകരിക്കുക. തിരഞ്ഞെടുപ്പ് ആവശ്യമെങ്കിൽ ഏപ്രിൽ 14 ന് രാവിലെ 10 മുതൽ 1 മണിവരെ നടത്തുക.

106-ാം ജന്മദിനസമ്മേളനം അരുവിത്തുറയിൽ വച്ച് മേയ് 11, 12 (ശനി, ഞായർ) ദിവസങ്ങളിൽ നടത്തുക.

**ഫൊറോന തിരഞ്ഞെടുപ്പുകൾ**

ഏപ്രിൽ 6 – തുടങ്ങനാട്

ഫൊറോന വികാരി വെരി റവ. ഫാ. ജോൺസൺ പുള്ളീറ്റിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് – ജിസ്മോൻ തോമസ് നെല്ലാക്കുഴിയിൽ, മേലുകാവുമറ്റം

സെക്രട്ടറി – ഷാജി എബ്രായിൽ, കാക്കൊമ്പ്

ട്രഷറർ – തോമസ്കുട്ടി, പറപ്പുഴയിൽ, ഇല്ല്യാട്ടോരിൽ, രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി യോഗത്തിൽ സംസാരിച്ചു.

അരുവിത്തുറ

പ്രസിഡന്റ് – ജോർജ് സ്റ്റീഫൻ പ്ലാത്തോട്ടത്തിൽ, അരുവിത്തുറ

സെക്രട്ടറി – ടോമിച്ചൻ ജോസ്, പഴയമഠത്തിൽ, തിടനാട്.

ട്രഷറർ – കെ.വി. ജോസഫ്.

ഫൊറോന വികാരി – വെരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ നേതൃത്വം നല്കി.

കോതനെല്ലൂർ

പ്രസിഡന്റ് – സി.എം. ജോസഫ് ചീനോത്തുപറമ്പിൽ, കോതനല്ലൂർ

സെക്രട്ടറി – ജോർജ് തെക്കേചെരുവിനാൽ, വേദഗിരി

ട്രഷറർ – മാത്യു കൊട്ടാരം, മണ്ണാറപ്പാറ

ഫൊറോന വികാരി – റവ.ഫാ. സെബാസ്റ്റ്യൻ പടിക്കകുഴിപ്പിൽ, എമ്മാനുവൽ നിധീരി എന്നിവർ നേതൃത്വം നല്കി.

ഏപ്രിൽ 7 ഞായർ

ഭരണങ്ങാനം

പ്രസിഡന്റ് – സണ്ണി ജോസഫ് ഞായറുകളം, പൂവത്തോട്

സെക്രട്ടറി – അരുൺ പോൾ, മണ്ഡപത്തിൽ, ഭരണങ്ങാനം

ട്രഷറർ – മനേഷ് ജോസ്, കല്ലറയ്ക്കൽ, ഇടമറ്റം

ഫൊറോനാവികാരി – വെരി റവ. ഫാ. സക്കറിയാസ് ആട്ടപ്പാട്ട്, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

ചേർപ്പുങ്കൽ

പ്രസിഡന്റ് – എം.എ. ജോർജ് മഞ്ഞനാട്ട്, കൊഴുവനാൽ

സെക്രട്ടറി – ജോസഫ് പോൾ, പാറേക്കാട്ട്, മറ്റക്കര

ട്രഷറർ - ജോസ് സിറിയക്, ഐക്കര, മുത്തോലി

ഫൊറോന വികാരി - വെരി റവ.ഫാ. ജോസഫ് പാനാംമ്പുഴ

രൂപത ഡയറക്ടർ - റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോയി കെ. ബാബു എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം നല്കി.

കുറവിലങ്ങാട്

ഫൊറോന ഡയറക്ടർ റവ.ഫാ. ജോർജ് വടയാറ്റുകുഴി രൂപത വൈസ് പ്രസിഡന്റ് സി.എം. ജോർജ് എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

പ്രസിഡന്റ് - നിധീഷ് മാത്യു, നിധീരി, കുറവിലങ്ങാട്

സെക്രട്ടറി - ഷിബു കുര്യൻ, കുപ്പക്കര, കാളികാവ്

ട്രഷറർ - ജിനു കുര്യൻ, മരങ്ങാട്ടുപിള്ളി

പൂഞ്ഞാർ

പ്രസിഡന്റ് - റ്റി.ഡി. ജോർജ് തൊടുവനാൽ, കൈപ്പള്ളി

സെക്രട്ടറി - ജോഫിമോൻ പി.ജെ., പള്ളിപ്പറമ്പിൽ, പെരിങ്ങുളം

ട്രഷറർ - സിബി ജോസഫ് കുന്നുംപുറം, കുന്നോന്നി

ഫൊറോന വികാരി - വെരി റവ.ഫാ. മാത്യു കടുക്കുന്നേൽ

രൂപത ജനറൽ സെക്രട്ടറി - ജോസ് വട്ടുകുളം ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം എന്നിവർ നേതൃത്വം നൽകി.

മുട്ടുചിറ

ഫൊറോന വികാരി - വെരി റവ.ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, റ്റോമി കണ്ണീറ്റുമ്യാലിൽ എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

പ്രസിഡന്റ് - എ.എം. മാത്യു അരിക്കത്തുണ്ടത്തിൽ, മുട്ടുചിറ

സെക്രട്ടറി - സാബു സി. കച്ചരിക്കുംകാലായിൽ, വാലാച്ചിറ

ട്രഷറർ - തോമസ് പനയ്ക്കൽ, ഫാത്തിമാപുരം

രാമപുരം

പ്രസിഡന്റ് - അജോ തോമസ് തുണ്ടംങ്കൽ, ഏഴാച്ചേരി

സെക്രട്ടറി - സൈജു തോമസ് കോലത്ത്, രാമപുരം

ട്രഷറർ - സണ്ണി ജോസഫ്, കുരിശുംമൂട്ടിൽ, ചക്കാമ്പുഴ

ഫൊറോന വികാരി - വെരി റവ.ഫാ. ബർക്കുമാൻസ് കുന്നുംപുറം, സാജു അലക്സ് തെങ്ങുപള്ളിക്കുന്നേൽ എന്നിവർ തിരഞ്ഞെടുപ്പിൽ നേതൃത്വം നല്കി.

തീക്കോയി

പ്രസിഡന്റ് - ജോ സെബാസ്റ്റ്യൻ പുത്തൻപുര, തീക്കോയി

സെക്രട്ടറി - പ്രതീഷ് മാത്യു പുതനപ്രാകുന്നേൽ, അടുക്കം

ട്രഷറർ - സാന്റോ സി. പുല്ലാട്ട്, തീക്കോയി

ഫൊറോന വികാരി - വെരി റവ.ഫാ. തോമസ് മേനാച്ചേരി

ജനറൽ സെക്രട്ടറി - ജോസ് വട്ടുകുളം എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം നല്കി.

**പാലാ രൂപത ഭാരവാഹികളെ പ്രഖ്യാപിക്കലും സത്യപ്രതിജ്ഞയും**

ഏപ്രിൽ 14 ഞായറാഴ്ച രണ്ടു മണിക്ക് പാലാ ബിഷപ്സ് ഹൗസ് ഹാളിൽ പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം അഭി

വന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. പുതിയ ഭാരവാഹികളെ അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്തു. തുടർന്ന് റിട്ടേണിംഗ് ഓഫീസർകൂടിയായ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ പുതിയ രൂപതാഭാരവാഹികളെ പ്രഖ്യാപിച്ചു. അവർക്ക് സത്യ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്ത് പ്രതിജ്ഞയ്ക്കുശേഷം ഭാരവാഹികൾ ചുമതല ഏറ്റെടുത്തു. ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ 106-ാം ജന്മദിനസമ്മേളത്തിന്റെ വിശദവിവരങ്ങൾ ക്രോഡീകരിച്ചതനുസരിച്ച് ജോസ് വട്ടുകുളം, ജോയി കെ. മാത്യു എന്നിവർ ആശംസകൾ നേർന്നു.

**പുതിയ ഭാരവാഹികൾ**

പാലാ കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - ഇമ്മാനുവൽ നിധിരി

ജനറൽ സെക്രട്ടറി - ജോസ് വട്ടുകുളം

ട്രഷറർ - ജോയി കെ. മാത്യു

വർക്കിംഗ് കമ്മിറ്റി അംഗങ്ങൾ - സാജു അലക്സ്, ആൻസമ്മ സാബു

വൈസ് പ്രസിഡന്റുമാർ - സി.എം. ജോർജ്, ജോൺസൺ ചെറുവള്ളി, പയസ് കവളംമാക്കൽ, സിന്ധു ജയിബു.

സെക്രട്ടറിമാർ - സാബു പൂണ്ടികുളം, ടോമി കണ്ണീറ്റുമ്യാലിൽ, ബെന്നി കിണറ്റുകര, ജോബിൻ പുതിയിടത്തുചാലിൽ, രാജേഷ് പാറയിൽ, എഡ്വിൻ ഐസക് പാമ്പാറ, ലിബി മണിമല.

എക്സിക്യൂട്ടീവ് കമ്മിറ്റിയംഗങ്ങൾ - ബേബി ആലുങ്കൽ, ജോസ് ജോസഫ് മലയിൽ, ബെന്നി പാലയ്ക്കത്തടം, സാന്റോ സി. പുല്ലാട്ട്, ബെന്നി കൊഴുപ്പൻകുറ്റി, എബ്രാഹം വടകരക്കാലയിൽ, ബെല്ലാ സിബി, അഡ്വ. സണ്ണി മാന്തറ, ഫ്രാൻസിസ് കരിമ്പാനി, ജോസഫ് പരുത്തിയിൽ, ജോയി കളപ്പുരയ്ക്കൽ, രാജു അരൂക്കുഴിപ്പിൽ, ടോമി പുളിക്കൽ, അന്നക്കുട്ടി മാത്യു.

സെൻട്രൽ ഡെലിഗേറ്റ്സ് കമ്മിറ്റി - രാജീവ് ജോസഫ് കൊച്ചുപറമ്പിൽ, എ.സി. ബേബിച്ചൻ അഴിയാത്ത്, തോമസ് അരുക്കുഴിപ്പിൽ, സെബാസ്റ്റ്യൻ കുന്നപ്പള്ളിൽ, വി.ടി. ജോസഫ്, സാജൻ വട്ടപ്പാറ, ജോഷി പള്ളിപ്പറമ്പിൽ, സജിമോൻ മിറ്റത്താനി, ജോമി പറപ്പള്ളിൽ, ജിനു മുട്ടപ്പള്ളിൽ.

വരണാധികാരികൾ - റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, അഡ്വ. ഷാജി ചാത്തനാട്ട് എന്നിവർ തിരഞ്ഞെടുപ്പിനു നേതൃത്വം നൽകി. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവർക്ക് ബിഷപ്സ് ഹൗസിൽ വച്ചു സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**106-ാം ജന്മദിനസമ്മേളനം സ്വാഗതസംഘം ഉദ്ഘാടനം**

106-ാം ജന്മദിന സമ്മേളനത്തിന്റെ സ്വാഗതസംഘം ഉദ്ഘാടനം അരുവിത്തുറ പാരിഷ് ഹാളിൽ വച്ചു ഫൊറോന വികാരി വെരി റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ നിർവഹിച്ചു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സന്ദേശം നൽകി. രാജീവ്

കൊച്ചുപറമ്പിൽ സമ്മേളനവിശദാംശങ്ങൾ അവതരിപ്പിച്ചു. ജോസ് വട്ടുകുളം, ജോൺസൺ വീട്ടിയാങ്കൽ, ജോയി കെ. മാത്യു, ജോൺസൺ ചെറുവള്ളി, സാബു പ്ലാത്തോട്ടം, ബെന്നി വെട്ടം തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നല്കി.

കമ്മിറ്റികളെയും കൺവീനർമാരെയും ജോയിന്റ് കൺവീനർമാരെയും തിരഞ്ഞെടുത്തു. പിന്നീട് കമ്മിറ്റി വിപുലീകരിക്കുമെന്നും യോഗത്തിൽ അറിയിച്ചു. മേയ് 11 ന് വൈകുന്നേരം 5.30 ന് തൃശ്ശൂരിൽനിന്നുവരുന്ന പതാകപ്രയാണത്തെയും രാമപുരത്തുനിന്നുള്ള പാറേമാക്കൽ ഗോവർണ്ണദോറിന്റെ കുറവിലങ്ങാട്ടുനിന്നുള്ള നിധീരിക്കൽ മാണിക്കത്തനാരുടെ ഛായാചിത്രങ്ങൾ സ്വീകരിക്കും. തുടർന്ന് പതാക ഉയർത്തൽ, വർക്കിംഗ് കമ്മിറ്റി മീറ്റിങ് എന്നിവ നടക്കും.

**ഏപ്രിൽ 12 ന് രാവിലെ 10 ന് പ്രതിനിധിസമ്മേളനം**

2 മണിക്ക് അരുവിത്തുറ സെന്റ് ജോർജ് കോളേജ് ഗ്രൗണ്ടിൽനിന്ന് റാലി ആരംഭിച്ച് പൂഞ്ഞാർ, ഏറ്റുമാനൂർ ഹൈവേയിലൂടെ അരുവിത്തുറ പള്ളി മൈതാനിയിൽ പൊതുസമ്മേളനവേദിയിലേക്ക്, തുടർന്ന് പൊതുസമ്മേളനം എന്നിങ്ങനെയാണ്. വാർഷിക സമ്മേളനപരിപാടികൾ.

**106-ാം ജന്മവാർഷികം അരുവിത്തുറ**

സ്വാഗതസംഘം രക്ഷാധികാരി - മാർ ജോസഫ് കല്ലറങ്ങാട്ട്

സഹരക്ഷാധികാരികൾ - റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

ജനറൽ കൺവീനർ - ഇമ്മാനുവൽ നിധിരി

ജനറൽ കോർഡിനേറ്റേഴ്സ് - ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, സാബു പ്ലാത്തോട്ടം, സാജു അലക്സ്, ജോൺസൺ ചെറുവള്ളിൽ, ബെന്നി വെട്ടത്ത്.

പബ്ലിസിറ്റി കമ്മിറ്റി - ജോയി കണിപറമ്പിൽ, ജോജോ പന്നപ്ലാക്കൽ, ജോബിൻ ജോബ് മാത്യു, ജോർജ് തൊടുവനാൽ പൂഞ്ഞാർ, ബിജു കണ്ണന്തറ ചെമ്മലമറ്റം, എഡിൻ പാമ്പാറ, അരുൺ താഴത്തുപറമ്പിൽ അരുവിത്തുറ, അരുൺ പോൾ ഭരണങ്ങാനം, ജോർജ് മുണ്ടമറ്റം, ജോണി കൊല്ലംപറമ്പിൽ അരുവിത്തുറ.

ഫിനാൻസ് കമ്മിറ്റി - ബെന്നി കിണറ്റുകര, ടോമി കണ്ണീറ്റുമ്യാലിൽ, ടോമിച്ചൻ പഴയമഠത്തിൽ.

റാലി കമ്മിറ്റി - പയസ് കവളംമാക്കൽ, ജോണിക്കുട്ടി എബ്രാഹം തീക്കോയി, സാന്റോ പുല്ലാട്ട്, തീക്കോയി, ജോഷി പള്ളിപ്പറമ്പിൽ പെരിങ്ങുളം, പി.എം. മാത്യു ഭരണങ്ങാനം, സെബാസ്റ്റ്യൻ പേണ്ടാനത്ത് തീക്കോയി, ആൻസമ്മ സാബു, ജോ സെബാസ്റ്റ്യൻ തീക്കോയി, പ്രിൻസ് ചേന്നാട്, ബെന്നി പൂഞ്ഞാർ, ഷാജി കുറ്റിക്കാട്ട് വാഗമൺ, സിബി ജോസഫ് പൂഞ്ഞാർ.

**മൈക്ക്, സ്റ്റേജ്, പന്തൽ, കൊടികൾ, അലങ്കാരം**

സാബു പൂണ്ടിക്കുളം, ലിബിൻ കല്ലാറ്റ് പയ്യാനിത്തോട്ടം, രാജേഷ് പാറയിൽ അരുവിത്തുറ യൂണിറ്റ്, സണ്ണി ഞായറുകുളം ഭരണങ്ങാനം.

ഫുഡ്, അക്കോമഡേഷൻ & ട്രാൻസ്പോർട്ടേഷൻ - സി.എം. ജോർജ്, ജോബിൻ പുതിയിടത്തുചാലിൽ, പി.എം. മാത്യു ഭരണങ്ങാനം

റിസപ്ഷൻ കമ്മിറ്റി - സിന്ധു ജയിബു, ലിബി തമ്പി, അരുവിത്തുറ യൂണിറ്റ്
അനൗൺസ്മെന്റ് - ഡോ. റെജി വർഗീസ് മേക്കാടൻ
പാർക്കിംഗ് കമ്മിറ്റി - ജോൺസൺ ചെറുവള്ളി, സാബു പ്ലാത്തോട്ടം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ബെന്നി വെട്ടത്തേൽ, പ്രൊഫ. റെജി വർഗീസ് മേക്കാടൻ, ടോമിച്ചൻ പഴയമഠത്തിൽ.

പ്രോഗ്രാം കമ്മിറ്റി - ഗ്ലോബൽ സമിതി

**സിബിഗിരി യൂണിറ്റ്**

**2024 വർഷപ്രവർത്തനോദ്ഘാടനം വനിതായൂണിറ്റ് ഉദ്ഘാടനം**

സിബിഗിരി യൂണിറ്റിന്റെ പ്രവർത്തനവർഷോദ്ഘാടനവും വനിതായൂണിറ്റിന്റെ ഉദ്ഘാടനവും രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ പാളിത്തോട്ടം അധ്യക്ഷത വഹിച്ച് രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി പ്രഭാഷണവും ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം വിഷൻ 2024 ഉം അവതരിപ്പിച്ചു. എഡ്വിൻ പാമ്പാറ, ജോസ് മറ്റത്തിനാനിക്കൽ, തോമസ് ഊന്നുപാലം എന്നിവർ സംസാരിച്ചു. വനിതായൂണിറ്റിന്റെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**സമാശ്വാസം പദ്ധതി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കെ.എം. മാണി സെന്റർ ഫോർ ബജറ്റ് റിസേർച്ചുമായി സഹകരിച്ച് ജോയ് ആലുക്കാസിന്റെ സഹായത്തോടെ നൂറു കിഡ്നി രോഗികൾക്ക് ഡയാലിസിസ് കിറ്റ് വിതരണം ചെയ്തു. പദ്ധതിയുടെ ഉദ്ഘാടനം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ഇമ്മാനുവൽ കാഞ്ഞിരത്തുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**മേഖലാവാർഷികങ്ങൾ**

പി.എസ്.ഡബ്ല്യു.എസ്. ന്റെ കീഴിലുള്ള സ്വാശ്രയസംഘങ്ങൾ മേഖലാതലത്തിൽ കാർഷികവിഭവങ്ങളുടെ പ്രദർശനശാലകൾ, മത്സരങ്ങൾ, സെമിനാറുകൾ, കാർഷികമേഖലയിൽ മികവു തെളിയിച്ചവരെ ആദരിക്കൽ തുടങ്ങിയ പരിപാടികളോടെ വാർഷികങ്ങൾ ആഘോഷിച്ചു. ഭരണങ്ങാനം, തീക്കോയി, കടനാട്, ചേർപ്പുങ്കൽ, കൂട്ടിക്കൽ, പറത്താനം തുടങ്ങിയ മേഖലകൾ വിപുലമായി വാർഷികാഘോഷങ്ങൾ നടത്തി.

**വിഷുവിപണി**

വിഷുവിനോടനുബന്ധിച്ച് പഴം, പച്ചക്കറി ഉത്പന്നങ്ങൾ ന്യായവിലയ്ക്കു ലഭ്യമാക്കുവാൻ ലക്ഷ്യംവച്ചുകൊണ്ട് കൃഷിവകുപ്പിന്റെ സഹകരണത്തോടെ അഗ്രിമ കർഷക ഓപ്പൺമാർക്കറ്റിൽ വിഷുവിപണി ആരംഭിച്ചു.

**ഉണർവ് 2k24**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയും രൂപത എസ്.എം.വൈ.എം. – കെ.സി.വൈ.എം. യൂണിറ്റും സംയുക്തമായി ലഹരിവിരുദ്ധയജ്ഞത്തിന്റെ ഭാഗമായി ടാസ്ക് ഫോഴ്സ് രൂപീകരണവും ബോധനസെമിനാരും നടത്തി. ബ്രഡ്സ് ഡ്രീം പ്രോജക്ട് കോർഡിനേറ്റർ കുമാരി ഗ്രീഷ്മ ജോസഫ് കൗൺസിലർ ശ്രീമതി അനറ്റ് തുടങ്ങിയവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഐസ്ക്രീം ചലഞ്ച്**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടത്തുന്ന ക്യാൻസർ സുരക്ഷ യജ്ഞത്തിന്റെ ഭാഗമായി ക്യാൻസർ ബാധിതരെ സാമ്പത്തികമായി സഹായിക്കാൻ ലക്ഷ്യംവച്ചുകൊണ്ട് കൂട്ടിക്കൽ ഫൊറോനയിൽ 820 കിലോ ഐസ്ക്രീം പായ്ക്കറ്റുകൾ വിതരണം ചെയ്തു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**തുടങ്ങനാട് സോണൽ മീറ്റിംഗ്**

DCMS സംഘടന നിലവിൽ വന്നതിന്റെ സപ്തതി (70) വർഷത്തിന്റെ കർമ്മ പരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള അഞ്ചു സോണൽസമിതിയുടെ മൂന്നാമത് സോണൽസമിതി മൂലമറ്റം, തുടങ്ങനാട് എന്നീ മേഖലകൾ ഉൾപ്പെട്ട തുടങ്ങനാട് സോണൽസമ്മേളനം തുടങ്ങനാട് സെന്റ് തോമസ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ വെച്ച് 2024 ഏപ്രിൽ 14 ന് തുടങ്ങനാട് ഫൊറോനപള്ളി വികാരി റവ. ഫാ. ജോൺസൺ പുള്ളീറ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗം DCMS രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. യോഗത്തിന് DCMS രൂപതാ വൈസ് പ്രസിഡന്റും, തുടങ്ങനാട് മേഖലാകമ്മിറ്റിയംഗവുമായ ശ്രീമതി ഫെമിന സിബിച്ചൻ സ്വാഗതം അർപ്പിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തുകയും രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി ആശംസ അർപ്പിക്കുകയും ചെയ്തു. തുടർന്ന് രൂപതാസെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി 2024-25 വർഷത്തെ സപ്തതിവർഷകർമ്മപരിപാടി വിശദീകരിക്കുകയും തുടർന്ന് സോണൽ പ്രവർത്തനസമിതി രൂപീകരിക്കുകയും ചെയ്തു. ചർച്ചകൾക്കുശേഷം DCMS തുടങ്ങനാട് മേഖല ഡയറക്ടർ ബഹു. ഫാ. മൈക്കിൾ ചാത്തൻകുന്നേൽ ചെയർമാനായും ശ്രീ ജോർജ്ജ് എൻ.ഡി. സെക്രട്ടറിയായും, ശ്രീ ജയൻ കെ.ജെ. ജോയിന്റ് സെക്രട്ടറിയായും ശ്രീമതി മഞ്ജു ജയൻ ഖജാൻജിയായും തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ ജയൻ കെ.ജെ. കൃതജ്ഞത അർപ്പിച്ചു യോഗം അവസാനിച്ചു. യോഗത്തിൽ അമ്പതോളം DCMS അംഗങ്ങൾ പങ്കെടുത്തു.

**ചേർപ്പുങ്കൽ സോണൽ സമ്മേളനം**

സപ്തതിയാഘോഷത്തിന്റെ ഭാഗമായുള്ള സോണൽ പ്രവർത്തനസമിതിയുടെ ചേർപ്പുങ്കൽ, പാലാ, ഭരണങ്ങാനം എന്നീ മേഖലകൾ ചേർന്ന് അഞ്ചാമത് സോൺ ആയ ചേർപ്പുങ്കൽ സോണിന്റെ ഉദ്ഘാടനം 2024 ഏപ്രിൽ 21 ഞായറാഴ്ച 2.30 നു ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽവച്ച് DCMS

ചേർപ്പുങ്കൽ മേഖലാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്തിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. യോഗം DCMS രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. യോഗത്തിന് DCMS ചേർപ്പുങ്കൽ മേഖല പ്രതിനിധി ശ്രീ സണ്ണി പി.എം. സ്വാഗതം അർപ്പിച്ചു. രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോൺ മുഖ്യപ്രഭാഷണം നടത്തുകയും രൂപതാ ഓർഗനൈസർ ശ്രീ ബേബി ആന്റണി ആശംസ അർപ്പിക്കുകയും ചെയ്തു. തുടർന്ന് രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി 2024-25 വർഷത്തെ സപ്തതി വർഷകർമ്മപരിപാടി വിശദീകരിക്കുകയും തുടർന്ന് സോണൽ പ്രവർത്തനസമിതി രൂപീകരിക്കുകയും ചെയ്തു. ചർച്ചകൾക്കുശേഷം DCMS ചേർപ്പുങ്കൽ മേഖലാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത് ചെയർമാനായും ശ്രീമതി സാലി കെ.ജെ. സെക്രട്ടറിയായും, ശ്രീ സിജോ ജോസ് ജോയിന്റ് സെക്രട്ടറിയും ശ്രീ കുര്യാക്കോസ് റ്റി.ഡി. ഖജാൻജിയായും തിരഞ്ഞെടുക്കപ്പെട്ടു. ചേർപ്പുങ്കൽ മേഖല പ്രസിഡന്റ് ശ്രീമതി മോളി ജോസഫ് കൃതജ്ഞത അർപ്പിച്ചു യോഗം അവസാനിച്ചു. യോഗത്തിൽ അമ്പതോളം DCMS അംഗങ്ങൾ പങ്കെടുത്തു.

**രൂപതാ കമ്മിറ്റി**

2024-25 വർഷത്തെ കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിനും, DCMS സംഘടന നിലവിൽ വന്നതിന്റെ സപ്തതി (70) വർഷത്തിന്റെ പരിപാടികൾ ചർച്ച ചെയ്യുന്നതിനുംവേണ്ടിയുള്ള DCMS രൂപതാകമ്മിറ്റി 2025 ഏപ്രിൽ 14 ഞായറാഴ്ച രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു രൂപതാപ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി. രൂപതഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തുകയും ശ്രീ ജോയ് മാത്യു സ്വാഗതം ആശംസിക്കുകയും ഓർഗനൈസർ ശ്രീ ബേബി ആന്റണി കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മാസമീറ്റിംഗ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**2.സ്പെഷൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

മേയ് 13, 14, 15 തീയതികളിലായി സ്പെഷൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം നടത്തുവാൻ തീരുമാനിച്ചു.

**3. സന്ദർശനം**

1. **സ്നേഹാരാം സ്പെഷൽ സ്കൂൾ**

ഈ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത അധ്യയനവർഷത്തേക്കുള്ള പദ്ധതികൾ ചർച്ചചെയ്യുകയും ചെയ്തു.

2. **പൈകട ആതുരാലയം ഓൾഡ് ഏജ് ഹോം**

പൈകട ആതുരാലയം ഓൾഡ് ഏജ് ഹോം സന്ദർശിക്കുകയും സ്ഥാപന അധികാരികളുമായി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു.

**4. സ്വാഗതം**

കെയർ ഹോംസ് ഓഫീസിലേക്ക് ആറുമാസത്തെ സേവനത്തിനായി എത്തിയ ബ്രദർ റീജന്റ് ബ്ലസ്സൻ തുരുത്തേലിനു ഹൃദ്യമായ സ്വാഗതം നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. ഓൺലൈൻ രജിസ്ട്രേഷൻ**

അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ ഓൺ ലൈൻ രജിസ്ട്രേഷൻ തുടരുന്നു.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

എക്സിക്യൂട്ടീവ് കൂടുകയും എല്ലാ ഇടവകകളിൽനിന്നും കെ.എൽ.എം കോ-ഓർഡിനേറ്റേഴ്സിനെ തിരഞ്ഞെടുക്കണമെന്നു തീരുമാനിക്കുകയുമുണ്ടായി.

**3. പ്രോജക്ട്**

കെ.എൽ.എം. സംസ്ഥാനതലത്തിൽനിന്നു പുതിയ ഒരു പ്രോജക്ടിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു.

**4. സ്വാഗതം**

കെ.എൽ.എം. ഓഫീസിലേക്ക് ആറു മാസത്തെ സേവനത്തിനായി എത്തിയ ബ്രദർ റീജന്റ് ബ്ലസ്സൻ തുരുത്തേലിനു ഹൃദ്യമായ സ്വാഗതം നൽകി.

**5. വിവിധ ക്ഷേമനിധികളിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

**6.** വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മ**

ഏപ്രിൽ മാസം 7, 14, 21, 28 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിച്ച് ജീവിതം നയിക്കുന്നവർ യോഗത്തിൽ സംബന്ധിക്കുകയും സംസാരിക്കുകയും ചെയ്തു. ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ എൻ.എം. സെബാസ്റ്റ്യൻ എന്നിവർ യോഗത്തിനു നേതൃത്വം നൽകി.

**അൽ-അനോൺ & അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഏപ്രിൽ 13 ന് ശനിയാഴ്ച നടത്തപ്പെട്ടു.

**ലഹരിവിരുദ്ധക്ലാസ്സുകൾ**

ഏപ്രിൽമാസം 1, 2, 3, 4, 5 തീയതികളിൽ ഉാലം പുത്തൻപള്ളി, ഉാലം പഴയ പള്ളി, പാദുവ, ചെമ്പിളാവ്, ചേർപ്പുങ്കൽ, അരുണാപുരം, മുത്തോലി, മേവിട എന്നീ ഇടവകകളിൽ വിശ്വാസപരിശീലനക്ലാസ്സുകളോടനുബന്ധിച്ച് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ ലഹരിവിരുദ്ധബോധവത്കരണ ക്ലാസ്സുകൾ നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ ഒരുക്കങ്ങൾ ആരംഭിച്ചുവെന്നു കരുതുന്നു.

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2024 ജൂൺ 1

രജിസ്ട്രേഷൻ അവസാനിക്കുന്നത് 2024 ജൂലൈ 31

മത്സരസമയം 2024 സെപ്തംബർ 29 ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ

രജിസ്ട്രേഷൻ ഫീസ് 20/-

ഈ വർഷം കൂടുതൽ ആളുകളെ ഈ ബൈബിൾ പഠനവേദിയിലേക്കുകൊണ്ടു വരാൻ ശ്രമിക്കുമല്ലോ.

ലോഗോസ് ക്വിസ് 2024 പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി നടത്തുന്ന ബൈബിൾ കോഴ്സിന്റെ അടുത്ത ക്ലാസ് 2024 മെയ് 11 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും. റവ. ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ ക്ലാസ് നയിക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

**2.** ഏപ്രിൽ 9, 23 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**3.** മുട്ടുചിറ ഫൊറോന പള്ളിയിൽ 13-ാം തീയതി സായാഹ്നകൺവൻഷൻ നടത്തി

**4.** പുതുതായി ക്രിസ്തുവിശ്വാസം സ്വീകരിച്ചവർക്കുള്ള തുടർപരിശീലനക്ലാസ്സ് 20-ാം തീയതി ശനിയാഴ്ച മുത്തോലിയിൽവച്ചു നടത്തി.

**5. ഹോസ്പിറ്റൽ ശുശ്രൂഷ**

16-ാം തീയതി കൂത്താട്ടുകുളം ദേവമാതാ ആശുപത്രിയിൽ രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. സെബാസ്റ്റ്യൻ പൈലി, സി. ജെയ്സി CMC എന്നിവർ നേതൃത്വം നൽകി.

**6.** കരിസ്മാറ്റിക് കട്ടപ്പന സോൺ സംഘടിപ്പിച്ച ഗ്രാന്റ് കോൺഫറൻസിൽ 18-ാം തീയതി ക്ലാസ്സെടുത്തു

**7.** സ്ട്രീറ്റ് മിനിസ്ട്രി തീയതികളും പ്രദേശങ്ങളും ചുവടെ ചേർക്കുന്നു

02.04.2024-Idukki Vazhavara Bhagam,06.04.2024-Bhoothathankettu,09.04.2024-Thopramkudi, 16.04.2024-Kanjikuzhi, 20.04.2024-Murikasseri, 23.04.2024-Marykulam Mattukkatta.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ് മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ദ ശുശ്രൂഷ നടത്തപ്പെടുന്നു. രാവിലെ 9 മണിമുതൽ 2 മണിവരെയും കരുണക്കൊന്ത, ജപമാല, സ്തുതി ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. ഏപ്രിൽ മാസത്തിൽ ബ്രദർ ടോമി അബ്രഹാം അട്ടപ്പാട്ട്, ബ്രദർ തങ്കച്ചൻ ഇടുക്കി എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തുകയുണ്ടായി.

**2.** രൂപതാ കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാനശനി ഭരണങ്ങാനം വി. അൽഫോൻസാ തീർത്ഥാടനദൈവലയത്തിൽവച്ച് നടന്നുവരുന്ന രാത്രിയാരാധന ഏപ്രിൽ 27 ശനി വൈകുന്നേരം 7 മണി മുതൽ 28 രാവിലെ 5 മണി വരെ നടത്തപ്പെട്ടു. റവ. ഫാ ആന്റണി വിളയപ്പിള്ളിൽ (ഡിവൈൻ മേഴ്സി ഷ്റൈൻ തൊടുപുഴ) വചനപ്രഘോഷണം നടത്തി റവ. ഫാ. അഗസ്റ്റ്യൻ പാലയ്ക്കാപ്പറമ്പിൽ (തീർത്ഥാടനകേന്ദ്രം റെക്ടർ) റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (കരിസ്മാറ്റിക് ഡയറക്ടർ), റവ. ഫാ. ആൽബിൻ പുതുപ്പറമ്പിൽ (അസി. ഡയറക്ടർ) കരിസ്മാറ്റിക് സേവനസമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**3.** ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)ആഴ്ചയിൽ ഒരു ദിവസം 3 മണിക്കൂർ വീതം 7 ആഴ്ചകൾകൊണ്ട് പൂർത്തിയാകുന്ന സെമിനാർ പ്രവിത്താനം ഫൊറോനാ ദൈവാലയത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

**4. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥനാദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന ഏപ്രിൽ 7 ഞായർ കൂട്ടിക്കൽ സബ് സോണിലുള്ള എന്തയാർ സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ. ജോർജ് ചൊള്ളനാൽ തിരി തെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ വചനസന്ദേശം നൽകി. സോൺ, സബ് സോൺ സർവീസ് ടീം അംഗങ്ങൾ ശുശ്രൂഷകൾക്കു നേതൃത്വം നൽകുകയുണ്ടായി.

**5.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ്ജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**6.** എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 8.30 മുതൽ 9.30 വരെ കുരിശിന്റെ വഴിയും ഞായറാഴ്ചകളിൽ രാത്രി 8.30 മുതൽ 10 വരെ വചനസന്ദേശവും മദ്ധ്യസ്ഥപ്രാർത്ഥനയും ഓൺലൈനായി നടത്തപ്പെട്ടു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**യൂണിറ്റ് പ്രാർത്ഥനകൾ**

ജീസസ് ഫ്രട്ടേണിറ്റി പാലായുടെ ഭാഗമായുള്ള യൂണിറ്റുകളുടെ പ്രാർത്ഥനായോഗങ്ങൾ നടത്തപ്പെട്ടു.

**ജയിൽസന്ദർശനം**

ഏപ്രിൽ മാസം 13 ന് ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ മീനച്ചിൽ സബ് ജയിൽ സന്ദർശിച്ചു. മണ്ണാറപ്പാറ പള്ളി അസി. വികാരി ഫാ. ജോസഫ് വല്ലത്തടത്തിലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ബോധവത്കരണ കലാപരിപാടികൾ അവതരിപ്പിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1.** രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, മധ്യസ്ഥപ്രാർത്ഥന, നിയോഗ സമർപ്പണം, 10 മണിമുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ അഭിഷേക-കൈവയ്പ്പുശുശ്രൂഷകൾ എന്നിവയോടെ പൂർത്തിയാകുന്ന ധ്യാനം - ഏപ്രിൽ 13 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ചു നടത്തി.

2. മൗണ്ട് നെബോ ആബാഭവനം ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കലിന്റെ നേതൃത്വത്തിൽ അമേരിക്കയിലെ - Hartford, Alabama  കാനഡയിലെ - Richmond  എന്നിവിടങ്ങളിൽ വിവിധ ധ്യാനങ്ങൾ നടത്തി.

3. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധമായിരിക്കും:

2024 മേയ് 11 - ഏകദിന ദൈവരാജ്യ പ്രഘോഷണധ്യാനം.

2024 മേയ് 19 മുതൽ മേയ് 25 വരെ പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം.

ബുക്കിംഗിന് : 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

SFO അരുവിത്തുറ റീജിയന്റെ പരിധിയിൽ വരുന്ന ചോലത്തടം സെന്റ് മേരിസ് പള്ളിയിൽ ഫ്രാൻസിസ്കൻ അല്മായസഭയുടെ പുതിയ യൂണിറ്റിന്റെ ഔപചാരികമായ രൂപീകരണവും ആശീർവാദവും 21/04/2024 ഞായറാഴ്ച നടത്തപ്പെട്ടു. അന്നേദിവസം രാവിലെ 6:45 ന് നടന്ന വിശുദ്ധ കുർബാനയ്ക്ക് SFO പാലാ രൂപത ഡയറക്ടർ ഫാ. ആന്റണി വെച്ചൂർ OFM. Cap., അരുവിത്തുറ റീജിയൻ സ്പിരിചൽ അസിസ്റ്റന്റ് ഫാ. ആദർശ് വടക്കേത്ത് OFM. Cap. എന്നിവർ മുഖ്യകാർമികത്വം വഹിച്ചു.

തുടർന്ന്, പള്ളിയിൽ വച്ച് ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ ഔപചാരികമായ രൂപീകരണവുമായി ബന്ധപ്പെട്ടുള്ള യോഗനടപടികൾ ആരംഭിച്ചു. ചോലത്തടം പള്ളി വികാരി റവ.ഫാ. സിറിൽ തയ്യിൽ അധ്യക്ഷത വഹിച്ചു. ബഹു. സ്പിരിചൽ അസിസ്റ്റന്റുമാർ ഫ്രാൻസിസ്കൻ അദ്ധ്യാത്മികതയെക്കുറിച്ചും ഫ്രാൻസിസ്കൻ അല്മായസഭയെക്കുറിച്ചും വിവരണം നടത്തി. തുടർന്ന്, ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി. ഭാരവാഹികൾ സ്പിരിചൽ അസിസ്റ്റന്റുമാരുടെ പ്രാർത്ഥനാശീർവാദത്തോടെ തങ്ങളുടെ ഔദ്യോഗികസ്ഥാനം ഏറ്റെടുത്തു. SFO പാലാ രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ, അരുവിത്തുറ റീജിയൻ ഭാരവാഹികളായ ബ്രദർ സി.ജെ. തോമസ് ചാലിൽ, തോമസ് മാത്യു മടിയ്ക്കാങ്കൽ, അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ, ഗീതമ്മ ജോസഫ് നീണ്ടൂർ, തോമസ് പൂഞ്ചയിൽ എന്നിവർ പ്രസംഗിച്ചു.

ഫ്രാൻസിസ്കൻ അല്മായസഭ തുടങ്ങനാട് റീജിയൻ മേലുകാവുമറ്റം യൂണിറ്റ് സെക്രട്ടറി ബ്രദർ ജോർജ് വെട്ടുകല്ലേലിന്റെ മകൾ നിത്യസമ്മാനത്തിനു വിളിക്കപ്പെട്ട നവ്യ ജോർജിന്റെ ആത്മശാന്തിക്കായി തുടങ്ങനാട് റീജിയൻ സ്പിരിചൽ അസിസ്റ്റന്റ് ഫാ. ജിതിൻ വടക്കുംമുറി OFM. Cap. ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.**(ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിംഗ്**

ഡി.എഫ്.സി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി.

രൂപത എക്സിക്യൂട്ടീവ് മെമ്പേഴ്സ് കടനാട് വർക്കിനു നേതൃത്വം നൽകാൻ തീരുമാനിച്ചു.

2. കടനാട് യോഗപ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.

**2. വർക്ക്**

കടനാട് ഇടവകയിൽ 21-4-2024 ഞായറാഴ്ചയും 28-4-2024 ഞായറാഴ്ചയും വർക്ക് നടത്തി.

**3. സ്വാഗതം**

ഡി.എഫ്.സി ഓഫീസിലേക്ക് ആറു മാസത്തെ സേവനത്തിനായി എത്തിയ ബ്രദർ റീജന്റ് ബ്ലസ്സൻ തുരുത്തേലിനു ഹൃദ്യമായ സ്വാഗതം നൽകി.

**4. ട്രെയിനിംഗ് പ്രോഗ്രാം**

ഇടവക പ്രൊമോട്ടേഴ്സ് ടീമിനു ട്രെയിനിംഗ് പ്രോഗ്രാം -2 നടത്തി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

---

# ഇൻഫാം

---

**1. ഇൻഫാം ലീഗൽ സെൽ**

കർഷകരുടെ നിരവധിയായ പ്രശ്നങ്ങൾക്കു സൗജന്യമായി നിയമോപദേശവും സഹായങ്ങളും നിർദേശങ്ങളും നൽകുന്നതിനായി പാലാ ജില്ലാ ഘടകത്തിൽ ലീഗൽ സെൽ രൂപീകരിച്ചു. അഡ്വ. മനോജ് കച്ചിറമറ്റം ചെയർമാനായുള്ള സെൽ പ്രസിഡന്റ് ഡോ. ജോസ് കരിപ്പാക്കുടിയിൽ, സെക്രട്ടറി ശ്രീ തോമസ് മറ്റം, ഫാ. ജോസ് തറപ്പേൽ എന്നിവർ അംഗങ്ങളായി സേവനം ചെയ്യും. സേവനം ആവശ്യമുള്ളവർ അഡ്വ. മനോജിനെ 9447366287 എന്ന ഫോൺനമ്പറിൽ വിളിക്കാവുന്നതാണ്.

**2. ഇൻഫാം മെമ്പർഷിപ്പ്**

ഇൻഫാം അംഗങ്ങൾ ഓരോ വർഷവും മെമ്പർഷിപ്പ് പുതുക്കേണ്ടതാണ്. മെമ്പർഷിപ്പ് ഇനത്തിലേക്കു നൽകുന്ന 100 രൂപയിൽ 30 രൂപ യൂണിറ്റിനും 20 രൂപ താലൂക്ക് (ഫൊറോന) 25 രൂപ ജില്ലാ (രൂപത) 25 രൂപ സംസ്ഥാനത്തിനുമായി വീതിച്ചു നൽകുന്നതാണ്.

**3. എക്സിക്യൂട്ടീവ് മീറ്റിംഗ്**

അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടിയ ജില്ലാ എക്സിക്യൂട്ടീവിൽ ജൂൺ 5 ന് നടത്തുന്ന പരിസ്ഥിതിദിനപരിപാടികൾ, താലൂക്ക്, യൂണിറ്റ് സമിതികളുടെ രൂപീകരണം പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്, പി.എസ്. ഡബ്ല്യു.എസ്. ന്റെ നേതൃത്വവുമായി സഹകരിച്ച് കർഷകാഭിവൃദ്ധിക്കായി നടപ്പിലാക്കാവുന്ന കാര്യങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്തു. ഇൻഫാമിന്റെ യൂണിറ്റുരൂപീകരണം സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർക്ക് നൽകിയ കത്തിന്റെ വെളിച്ചത്തിൽ അച്ചന്മാരുടെ നേതൃത്വത്തിൽ കർഷകപ്രസ്ഥാനമായ ഇൻഫാമിന്റെ വളർച്ചയ്ക്കായി കൂടുതൽ സജീവമായ സഹകരണം യോഗം അഭ്യർത്ഥിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)






## ഫാ. അഗസ്റ്റിൻ പുത്തൻപുര

ഉദയഗിരി സെയ്ന്റ് ജോസഫ്സ് പള്ളി ഇടവകയിൽ ദേവസ്യായുടെയും ഏലിയുടെയും അഞ്ചു മക്കളിൽ ഒരാളായി 1930 ജൂൺ 20–ാം തീയതി അഗസ്റ്റിൻ പുത്തൻപുര ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1949 ൽ ചങ്ങനാശ്ശേരി സെയ്ന്റ് തോമസ് പെറ്റി സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം ആരംഭിച്ചു. തിരുച്ചിറപ്പള്ളി സെയ്ന്റ് പോൾസ് സെമിനാരിയിൽനിന്നു തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ചു. 1958 ഡിസംബർ 28–ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ ചേർപ്പുങ്കൽ, മുട്ടുചിറ എന്നീ പള്ളികളിൽ അസ്തേന്തിയച്ചനായും, തുടർന്ന് മണിയംകുളം, അടുക്കം, അടിവാരം, നീറന്താനം പള്ളികളിൽ വികാരിയായും ശുശ്രൂഷ ചെയ്തു. തുടർന്ന്, മധ്യപ്രദേശിലെ ഉജ്ജെയ്ൻ രൂപതയിൽ ശുശ്രൂഷ ചെയ്തു. വീണ്ടും കട്ടപ്പനയിലെ ഉദയഗിരി പള്ളിയിൽ വികാരിയായി സേവനം ചെയ്തു. തുടർന്ന് മഞ്ഞപ്പാറയിലുള്ള മാർ അപ്രേം മൈനർ സെമിനാരിയിൽ പ്രൊഫസറായി ശുശ്രൂഷ ചെയ്തു. അവിടെനിന്ന് 2011 മുതൽ ഭരണങ്ങാനം മേലമ്പാറയിലുള്ള ദീപ്തിഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. 2024 ഏപ്രിൽ 10 ന് ഇഹലോകവാസം പൂർത്തിയാക്കി നിത്യകിരീടം നേടാൻ ദൈവപിതാവിന്റെ തിരുസന്നിധിയിലേക്കു യാത്രയായി.

ബഹുമാനപ്പെട്ട അഗസ്റ്റിൻ പുത്തൻപുരയച്ചന്റെ ഭൗതികശരീരം 2024 ഏപ്രിൽ 13–ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഉജ്ജെയ്ൻ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന്റെ മുഖ്യകാർമികത്വത്തിലും പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സഹകാർമ്മികത്വത്തിലും ഭരണങ്ങാനം മേലമ്പാറയിലുള്ള

ദീപ്തിഭവൻ സെമിത്തേരിയിൽ സംസ്കരിച്ചു. മരിച്ചവരെ നിത്യതയിൽ ഉയിർപ്പിക്കുന്ന ദൈവം തന്റെ വിശ്വസ്തദാസനായ ബഹുമാനപ്പെട്ട അഗസ്റ്റിൻ പുത്തൻപുരയച്ചനെ ജീവന്റെ കിരീടവും അണിയിക്കട്ടെ.



## സി. ജെസ്സിൻ മരിയ തട്ടയിൽ SMC

ഇടുക്കി രൂപത കാമാക്ഷി ഇടവകയിൽ പരേതനായ ദേവസ്യായുടെയും ലീലാമ്മയുടെയും രണ്ടു മക്കളിൽ മൂത്തമകളായി 1980 ഫെബ്രുവരി 6 ന് റെജിമോൾ എന്ന സി. ജെസ്സിൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1997 ൽ സെന്റ് മർത്താസ് സന്ന്യാസിനീസമൂഹത്തിൽ പ്രവേശിച്ച സിസ്റ്റർ 2001 ഒക്ടോബർ 29 ന് പ്രഥമ വ്രതവാഗ്ദാനവും 30/04/2007 ൽ നിത്യവ്രതവാഗ്ദാനവും നടത്തി.

ശുശ്രൂഷാരംഗങ്ങൾ - മൂലമറ്റം, പാലാ, കരയത്തുംചാൽ, തയ്യേനി, ചാവറഗിരി, അമനകര, ജഗദൽപൂർ രൂപതയിലെ സോനാർപാൽ, ഉജ്ജയ്ൻ രൂപതയിലെ കായ്ത്ത, ഛന്തശ്ശേരി, അർപ്പൺ, രാജ്ഘോട്ട് രൂപതയിൽ ടൊക്കൊറാള എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സന്ന്യാസപരിശീലനകാലംമുതൽ ഏത് എളിയ ജോലിയും വളരെ ഉത്തരവാദിത്വബോധത്തോടും സന്മനസോടുംകൂടി നിർവഹിക്കുന്നതിൽ സി. ജെസ്സിൻ വളരെ താത്പര്യം പുലർത്തിയിരുന്നു. അടിയുറച്ച പ്രാർത്ഥനാജീവിതത്തിന്റെ ഉടമയായിരുന്ന സി. ജെസ്സിൻ എല്ലാവർക്കും ഒരു പ്രചോദനമായിരുന്നു.

2023 മുതൽ രാജ്ഘോട്ട് മിഷനിൽ സേവനം ചെയ്തുവരികയായിരുന്ന സിസ്റ്ററിനെ 2024 മാർച്ച് 21 ന് ശാരീരിക അസ്വസ്ഥതകൾ കാരണം രാജ്ഘോട്ട് രൂപതയുടെ ക്രൈസ്റ്റ് ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. Blood Test ൽ Electro Light imbalance കണ്ടതിനാൽ ഡോക്ടറുടെ നിർദ്ദേശപ്രകാരം ICU വിൽ പ്രവേശിപ്പിച്ചുവെങ്കിലും ആരോഗ്യനില കൂടുതൽ മോശമായിക്കണ്ടതിനാൽ രോഗീലേപനം നൽകി. 22-ാം തീയതി വെന്റിലേറ്ററിലേക്കു മാറ്റിയ സിസ്റ്ററിന്റെ ആരോഗ്യനില കൂടുതൽ വഷളാവുകയും 2024 മാർച്ച് 26-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 9.17 ന് സഹോദരിമാർ പ്രാർത്ഥനാപൂർവ്വം നോക്കിനിൽക്കേ വളരെ ശാന്തമായി ആ ആത്മാവ് തന്റെ ദിവ്യമണവാളന്റെ നിത്യവസതിയിലേക്കു യാത്രയായി.

തുടർന്ന് ഭൗതികശരീരം 2024 മാർച്ച് 28-ാം തീയതി പാലായിൽ എത്തിച്ചു മാർച്ച് 30-ാം തീയതി രാവിലെ പാലാ അമൽജ്യോതി ഭവനിൽ എത്തിക്കുകയും 2024 മാർച്ച് 30-ാം തീയതി രാവിലെ 10.30 ന് റവ.ഫാ. മാത്യു തയ്യിൽ സി.എം.ഐ, റവ.ഫാ. സെബാസ്റ്റ്യൻ കല്ലടയിൽ, റവ. ഫാ. റ്റിജിൻ കടപ്ലാക്കൽ എന്നിവരുടെ നേതൃത്വത്തിൽ അർപ്പിച്ച ബലിയോടെ

സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. റവ. ഫാ. സെബാസ്റ്റ്യൻ കൂടപ്പാട്ട് ആദരാഞ്ജലികൾ അർപ്പിച്ചു സംസാരിച്ചു. റവ. ഫാ. റ്റിജിൻ കടപ്ലാക്കൽ, റവ. ഫാ. ജാക്സൺ കളപ്പുരയ്ക്കൽ, റവ. ഫാ. റെജി ക്ലീറ്റസ് കുരിശുങ്കൽ എന്നിവർ നേതൃത്വം നൽകിയ ഭവനത്തിലെ പ്രാർത്ഥനാശുശ്രൂഷകൾക്കു ശേഷം ദൈവാലയത്തിലെ കർമ്മങ്ങൾക്കു പാലാ രൂപത പ്രോട്ടോസിഞ്ചെ ലൂസ് മോൺ. ജോസഫ് തടത്തിൽ മുഖ്യകാർമികത്വം നിർവഹിച്ച് അനുശോചനസന്ദേശം അറിയിച്ചു. തുടർന്ന് മൃതദേഹം പാലാ സെന്റ് തോമസ് കത്തീഡ്രൽ സെമിത്തേരിയിൽ സംസ്കരിച്ചു.



## റവ. സി. സിസ്സിലി ജോൺ പുല്ലാട്ട് FCC

പാലാ രൂപതയിൽ മണിയംകുളം ഇടവകയിൽ പുല്ലാട്ടുകുടുംബത്തിൽ ഉലഹന്നൻ – അന്ന ദമ്പതികളുടെ പത്തു മക്കളിൽ അഞ്ചാമത്തെ മകളായി 10-7-1940 ൽ ലില്ലി ജനിച്ചു. മാമോദീസയിൽ സിസ്സിലി എന്ന പേര് സ്വീകരിച്ചു. 1962 എസ്.എസ്.എൽ.സി. പാസായ സിസിലിയാമ്മ തന്റെ അന്തരാത്മാവിൽ മുഴങ്ങിനിന്ന ദൈവവിളിയുടെ സ്വരംകേട്ട് 15-6-1963 ൽ ഫ്രാൻസിസ്കൻ ക്ലാരസഭയിൽ അർത്ഥിനിയായി ചേർന്നു. ഏതാണ്ട് രണ്ടു വർഷത്തോളം കാലിൽ ഉണ്ടായിരുന്ന വ്രണത്തിന്റെ ചികിത്സകൾക്കു ഫലം കാണാതെവന്നപ്പോൾ, പ്രാർത്ഥനയിലൂടെ അത്ഭുതസൗഖ്യം ലഭിച്ചത് പ്രാർത്ഥനയോടുള്ള അമ്മയുടെ സ്നേഹം വളരാൻ ഇടയാക്കി. തന്റെ ആത്മാവ് സ്നേഹിക്കുന്നവന് തന്റെ ജീവിതം സമർപ്പിക്കുന്നതിനു നേരിട്ട എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത സിസ്സിലിയാമ്മ 4-10-1967 ൽ ആദ്യവ്രതവാഗ്ദാനം ചെയ്ത് തന്റെ സന്ന്യാസപരിശീലനത്തിന്റെ പ്രാരംഭഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കി.

12-05-1973 നിത്യവ്രതവാഗ്ദാനം നടത്തി തന്റെ ജീവിതം പൂർണമായി ഈശോയ്ക്ക് സമർപ്പിച്ചു. 1974 നഴ്സറി ട്രെയിനിംഗ് പൂർത്തിയാക്കിയ സിസ്സിലിയാമ്മ തുടർന്നുള്ള എട്ടു വർഷക്കാലം പൂഞ്ഞാർ മഠാംഗമായിരുന്നുകൊണ്ട് നേഴ്സറിക്കുട്ടികൾക്കു പരിശീലനം നൽകി. മണിയംകുളം, ഭരണങ്ങാനം, പൂഞ്ഞാർ (N), പൂഞ്ഞാർ (S), തിടനാട്, വാഗമൺ, പെരിങ്ങുളം, കൂട്ടിക്കൽ എന്നീ മഠങ്ങളിൽ ആയിരുന്ന് നേഴ്സറി ടീച്ചർ എന്ന തന്റെ ഉത്തരവാദിത്വം ഭംഗിയായി നിർവഹിച്ച സിസ്സിലിയാമ്മ ഏഴുവർഷം Home Mission രംഗത്ത് സജീവമായിരുന്നു.

1986-87 കാലഘട്ടത്തിൽ നല്ലതണ്ണി പ്രാർത്ഥനാഭവനിൽ നിരന്തരപ്രാർത്ഥനയിൽ ചെലവഴിച്ച അമ്മ പ്രാർത്ഥനയുടെ മാധുര്യം അനുഭവിച്ചറിഞ്ഞു. കൂടുതൽ ഏകാന്തതയിൽ ദൈവത്തോടൊത്ത് ആയിരിക്കാനുള്ള ഉൾവിളി തിരിച്ചറിഞ്ഞപ്പോൾ ആ ആഗ്രഹം അധികാരികളെ അറിയി

ക്കുകയും സഭാധികാരികളുടെ അനുവാദം ലഭിച്ചപ്പോൾ 2009 സെപ്റ്റംബർ 22 ന് ധ്യാനാത്മകജീവിതത്തിനുള്ള തീക്ഷ്ണമായ ആഗ്രഹത്തോടെ മുനിപ്പാറ ശാന്തി ആശ്രമത്തിൽ എത്തിച്ചേരുകയും ചെയ്തു. 2018 മാർച്ച് 19 ന് ശാന്തി ആശ്രമം St.Clare Cloistered ഭവനമായി ഉയർത്തപ്പെട്ടപ്പോൾ അതിലെ പ്രഥമ അംഗങ്ങളിൽ ഒരാളായി ജീവിക്കാനുള്ള അനുഗ്രഹം സഭാധികാരികളിലൂടെ അമ്മയ്ക്കു ലഭിച്ചു.

4-4-2024 ൽ പെട്ടെന്നുണ്ടായ സ്ട്രോക്കിനെത്തുടർന്ന് ചാലക്കുടി പോട്ട ധന്യ ഹോസ്പിറ്റലിൽ സിസ്സിലിയാമ്മയെ അഡ്മിറ്റ് ചെയ്തു. രണ്ടു ദിവസത്തിനുശേഷം വിദഗ്ധചികിത്സയ്ക്കായി പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. ക്ഷീണം കുറഞ്ഞെന്നു മനസ്സിലാക്കി കൂടുതൽ പരിചരണാർത്ഥം 10-4-2024 ൽ തിടനാട് കോൾബേ ഹോസ്പീസിൽ പ്രവേശിപ്പിച്ചു. 18-4-2024 ൽ പ്രഭാതത്തിൽ വിശുദ്ധ കുർബാനയിൽ ഏറെ തീക്ഷ്ണതയോടെ പങ്കുചേരുകയും തന്റെ പ്രാർത്ഥന തുടർന്നുകൊണ്ടിരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 3.15 ന് പെട്ടെന്ന് ക്ഷീണം വർദ്ധിക്കുകയും അമ്മ സ്വയം, 'സിസ്സിലി മരിച്ചു' എന്ന് രണ്ടു പ്രാവശ്യം എടുത്തു പറയുകയും അബോധാവസ്ഥയിൽ ആവുകയും ചെയ്തു. ഉടൻതന്നെ പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കുകയും രോഗീലേപനം നൽകുകയും ചെയ്തു. രോഗീലേപനം സ്വീകരിച്ചുകൊണ്ടിരിക്കേ 5.30 pm ന് അമ്മയുടെ പാവനാത്മാവ് സ്വർഗീയനാഥന്റെ സന്നിധിയിൽ എത്തി.

തുടർന്ന്, 8.45 pm ന് ബഹു. സിസ്സിലിയാമ്മയുടെ പാവന ദേഹം അരുവിത്തുറ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ കൊണ്ടുവന്നു. നിരവധി സിസ്റ്റേഴ്സും ബന്ധുജനങ്ങളും വൈദികരും വന്ന് അന്തിമോപചാരമർപ്പിച്ചു. 19-04-2024 ഉച്ചകഴിഞ്ഞു 1.40 ന് ദിവ്യബലിയോടെ ബഹുമാനപ്പെട്ട സിസിലിയാമ്മയുടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. Rev.Fr. Martin OFM Cap, Rev. Fr. Ivan MST, Rev.Fr. Joseph Kaduppil എന്നിവർ ദിവ്യബലി അർപ്പിച്ചു. Rev.Fr.Ivan MST ദിവ്യബലിമധ്യേ അമ്മയുടെ പുണ്യ ജീവിതത്തെ അനുസ്മരിച്ചുകൊണ്ട് സന്ദേശം നൽകി.

പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിലെ സംസ്കാരശുശ്രൂഷകൾക്കു ശേഷം അനേകം സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും അകമ്പടിയോടെ മൃതദേഹം അരുവിത്തുറ ഫൊറോന പള്ളിയിലേക്കു സംവഹിച്ചു. പള്ളിയിലെ സംസ്കാരശുശ്രൂഷകൾക്ക് പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ ജോസഫ് തടത്തിൽ നേതൃത്വം വഹിക്കുകയും അനുസ്മരണസന്ദേശം നൽകുകയും ചെയ്തു 4.15 pm ന് മൃതദേഹം അരുവിത്തുറ ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. സ്നേഹസമ്പന്നനായ ദൈവം തന്റെ പ്രിയമണവാട്ടിയെ സ്വർഗീയഗേഹത്തിലേക്കു ചേർക്കട്ടെയെന്ന് നമുക്കു പ്രാർത്ഥിക്കാം.



# സി ജാൻസി ടോം CMC

ജയ്ഗിരി പള്ളി ഇടവക പാപ്പനശ്ശരി കുടുംബത്തിൽ തോമസ് - ഏലിക്കുട്ടി ദമ്പതികളുടെ അഞ്ചു മക്കളിൽ രണ്ടാമത്തെ പുത്രിയായി 20-12-1959 ൽ സി. ജാൻസി ടോം ജനിച്ചു. മാമ്മോദീസായിൽ മേരി എന്ന പേരു സ്വീകരിച്ചു. കൊല്ലം എസ്.എം. കോളേജിൽനിന്ന് എം.എസ്. സി. പാസ്സായശേഷം 1983 ൽ പാലാ ജയ മാതാ പ്രേവിൻസിൽ അർത്ഥിനിയായി ചേർന്നു. 1986 ഡിസംബർ 27 ന് ആദ്യവ്രതവും 1992 നവംബർ 25 ന് നിത്യവ്രതവും അനുഷ്ഠിച്ചു.

കിരൺഡ്യൂൾ, വിളക്കുമാടം, കുറവിലങ്ങാട് എന്നീ സ്ഥലങ്ങളിൽ തന്റെ അദ്ധ്യാപനശുശ്രൂഷ നിർവ്വഹിച്ചു. 1993 ൽ എം.ഫിലും 2009 ൽ പി.എച്ച്.ഡിയും കരസ്ഥമാക്കി. 1997 മുതൽ പാലാ അൽഫോൻസാ കോളേജിൽ തിളക്കമാർന്ന അദ്ധ്യാപനശുശ്രൂഷ കാര്യക്ഷമമായി നിർവ്വഹിച്ചു. 2013 ൽ കോളേജിന്റെ വൈസ് പ്രിൻസിപ്പലായും 2014 ഏപ്രിൽ ഒന്ന് മുതൽ പ്രിൻസിപ്പലായും തന്റെ കർമ്മശേഷി കരുത്തുറ്റരീതിയിൽ പ്രകടമാക്കി. 2016ൽ പാലാ അൽഫോൻസാ കോളേജിൽനിന്ന് റിട്ടയർ ചെയ്തശേഷം കുറവിലങ്ങാട് ദേവമാതാ കോളേജിൽ എം.എസി. സുവോളജി സ്വാശ്രയകോഴ്സിന്റെ എച്ച്.ഒ.ഡി. ആയി ഒരു വർഷം ശുശ്രൂഷ ചെയ്തു. 2017-18 കാലയളവിൽ പാലാ കാർമ്മൽ സ്കൂൾ പ്രിൻസിപ്പലായും 2018-2019 വർഷങ്ങളിൽ കർമ്മലാരാം മഠത്തിന്റെ സുപ്പീരിയറായും തന്റെ സ്തുത്യർഹമായ സേവനം കാഴ്ച്ചവച്ചു.

മതാദ്ധ്യാപിക, ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിലും മാതൃവേദി, കെയ്റോസ് 'യൂദിത്ത് ഫോറം' കിഡ്സ് യൂണിറ്റ് എന്നീ സംഘടനകളിലും പ്രവർത്തിച്ച് ക്രിസ്തീയരൂപീകരണത്തിൽ ശ്രദ്ധ പതിപ്പിച്ചു. ഏപ്രിൽ ആറാം തീയതി രാവിലെ ഹൃദയാഘാതംമൂലം സിസ്റ്ററിന്റെ പാവനാത്മാവ് ദൈവസന്നിധിയിലേക്കു പറന്നുയർന്നു. 8-ാം തീയതി രാവിലെ മൃതദേഹം മഠം ചാപ്പലിൽ കൊണ്ടുവന്നു. പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മഠത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. അന്നേദിവസം ഉച്ചകഴിഞ്ഞ് 2.30 ന് മഠം ചാപ്പലിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു, പാലാ അൽഫോൻസാ കോളേജ് പ്രിൻസിപ്പൽ ഫാ. ഷാജി പുന്നത്താനത്തു കുന്നേൽ, മുൻവികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ മണ്ണാറപ്പാറ പള്ളി അസി. വികാരി ഫാ. ജോസഫ് വല്ലൂത്തടത്തിൽ എന്നിവരുടെ കാർമ്മികത്വത്തിൽ അർപ്പിച്ച പരിശുദ്ധ ബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ മഠം ചാപ്പലിൽ ആരംഭിച്ചു. തുടർന്ന് പാലാ രൂപതാ പ്രോട്ടോസിഞ്ചല്ലൂസ് മോൺ. ജോസഫ് തടത്തിലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ മൃതദേഹം മുട്ടുചിറ ഫൊറോന പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| APRIL 2024 | | |
|---|---|---|
| 01 | 09.00 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്റൻസീവ് ഹോം മിഷന് ഒരുക്കമായ ആദ്യ ബാച്ചിന്റെ പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. |
| | 04.00 pm | നമ്പ്യാകുളം പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെടുന്ന ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| 02 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | ബിഷപ്സ് ഹൗസിൽ ബഹു. കുര്യാക്കോസ് നരിതൂക്കിലച്ചൻ രചിച്ച 'കർദിനാൾ റോബർട്ട് സറാ - ആധ്യാത്മികജീവിതത്തിന് ഒരു മതബോധനം' ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു. |
| 03 | 6.00 pm | പറത്താനം സീവ്യൂ എസ്റ്റേറ്റിൽ 2023-24 വർഷത്തെ റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തിൽ സംബന്ധിച്ചു മാർഗനിർദ്ദേശം നൽകി. |
| 04 | 06.00 am | പറത്താനം സീവ്യൂ എസ്റ്റേറ്റിൽ 2023-24 വർഷത്തെ റീജൻസി ബ്രദേഴ്സിനൊപ്പം വി. കുർബായർപ്പിച്ചു വചനസന്ദേശം നൽകി. |
| | 11.00 am | ചക്കാമ്പുഴ ഇടവകയിൽ അറയ്ക്കപ്പറമ്പിൽ ഡോ. എം. മത്തായിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | ചേർപ്പുങ്കൽ ഫൊറോനയിൽ പുതുതായി നിർമ്മിക്കപ്പെട്ട DST സന്ന്യാസിനീസമൂഹത്തിന്റെ മഠം ആശീർവദിച്ചു. |

| | | |
|---|---|---|
| | 5.00 pm | പാലായിൽ ആർ.വി. ഫൗണ്ടേഷൻ അവാർഡുദാന ച്ചടങ്ങിൽ സംബന്ധിച്ചു. |
| | 8.00 pm | ബിഷപ്സ് ഹൗസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 05 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | ഐങ്കൊമ്പ് പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട കൊടിമരം വെഞ്ചരിച്ച് തിരുനാൾ കൊടിയേറ്റ് നടത്തി. |
| | 5.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ മെഡിസിറ്റിയിൽ ഗവേണിംഗ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 7.30 pm | മൂന്നിലവ് ഇടവകയിൽ കുരിശുങ്കൽപറമ്പിൽ കെ.ജെ. ജോസഫിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 06 | 9.15 am | കൊണ്ടാട് ഇടവകയിൽ റൊഗേഷനിസ്റ്റ് സഭാംഗം മ്ശംശാന ജോസഫ് പന്തമാക്കലിനു പൗരോഹിത്യ പട്ടം നൽകി. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ PSWS ന്റെ നേതൃത്വത്തിൽ നടന്ന ഡയാലിസിസ് കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. |
| | 4.00 pm | ഇളംതോട്ടം ഇടവകയിൽ ഒരു ഭവനം ആശീർവദിച്ചു. |
| 07 | 10.00 am | വാഗമൺ കുരിശുമലയിൽ പുതുഞായർദിനത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. |
| | 1.00 pm | കടപ്ലാമറ്റം ഇടവകാംഗം കീപ്പുറം മേരിയുടെ മൃതദേഹ ത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റി റ്റ്യൂട്ടിൽ കെ.സി.വൈ.എം. സ്റ്റേറ്റ് കർമ്മപദ്ധതി ഉദ്ഘാ ടനം ചെയ്തു സംസാരിച്ചു. |
| | 9.00 pm | കാഞ്ഞിരത്താനം ബേത് അപ്രേം നസ്രാണി ദയറ യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സുറിയാനി ലിപി-കർഷോൺ ഓൺലൈൻ മീറ്റിങ്ങിൽ സംബ ന്ധിച്ചു. |
| 08 | 9.30 am | ഇളംതോട്ടം ഇടവകയിൽ ചൂരനോലിക്കൽ മേരി ആന്റണിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 10.30 am | ബിഷപ്സ് ഹൗസിൽ 2024-25 ലെ റീജൻസി ബ്രദേഴ്സുമായി കൂടിക്കാഴ്ച നടത്തി ഉത്തരവാദിത്വങ്ങൾ നൽകി. |
| | 12.00 pm | മുട്ടുചിറ സി.എം.സി സന്ന്യാസിനീമഠത്തിൽ സി. ജാൻസി ടോം പാപ്പനശ്ശേരി സി.എം.സി.യുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.45 pm | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ നടന്ന ദൈവവിളി ക്യാമ്പിൽ കുട്ടികളെ സന്ദർശിച്ചു സമ്മാനങ്ങൾ വിതരണം ചെയ്തു. |
| 09 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.30 pm | കയ്യൂർ ചൂരമല രാമകൃഷ്ണൻ നായരുടെ നിര്യാണത്തിൽ വീട്ടിലെത്തി അനുശോചനം രേഖപ്പെടുത്തി. |
| | 3.00 pm | പ്ലാശനാൽ പള്ളിയിൽ കുടക്കച്ചിറ അന്തോണിക്കത്തനാരുടെ ശ്രാദ്ധദിനത്തോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. കുടക്കച്ചിറ അന്തോണിക്കത്തനാരുടെ പ്രതിമാനവും അരുവിത്തുറ കുരിശും ഗ്രോട്ടോകളും ആശീർവദിച്ചു. |
| | 8.00 pm | ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ 98-ാം ജന്മദിനത്തോടനുബന്ധിച്ച് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. |
| 10 | 5.00 pm | മൂലമറ്റം ഫൊറോന പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട സെമിത്തേരി ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. ഹോംപാലാ പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ച ഭവനത്തിന്റെ ആശീർവാദകർമ്മവും നിർവഹിച്ചു. |
| 11 | 09.15 am | കളത്തൂർ ഇടവകയിൽ മ്ശംശാന ജോസഫ് അമ്പലത്തുങ്കൽ CRM ന് പൗരോഹിത്യപട്ടം നൽകി. |
| | 11.00 am | വാലാച്ചിറ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 04.30 pm | അന്ത്യാളം ഇടവകയിൽ തെങ്ങുംപള്ളിക്കുന്നേൽ മേരിക്കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 9.00 pm | മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിക്ക് ഒരുക്കമായുള്ള ഓൺലൈൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 12 | 06.30 pm | പൈക ജ്യോതി പബ്ലിക് സ്കൂളിൽ നടത്തപ്പെട്ട ജീസസ് യൂത്ത് ക്യാമ്പ് 'ബ്ലൂമിംഗ് റോസസ്' ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 13 | 09.15 | ഏഴാച്ചേരി ഇടവകയിൽ മ്ശംശാന അഗസ്റ്റിൻ വെള്ളച്ചാലിൽ OFM Conv. ന് പൗരോഹിത്യപട്ടം നൽകി. |
| | 10.45 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.15 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 12.15 pm | ചേർപ്പുങ്കൽ ഫൊറോനാ ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 04.00 pm | ഭരണങ്ങാനം ദീപ്തിഭവനിൽ ബഹു. അഗസ്റ്റിൻ പുത്തൻപുര അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ അന്തിമഭാഗത്ത് സഹകാർമ്മികത്വം വഹിച്ചു. |
| | 05.15 pm | മരങ്ങോലിപ്പള്ളിയിൽ പുതുതായി നിർമ്മിക്കപ്പെട്ട പള്ളിമേട ആശീർവദിച്ചു. |
| | 06.00 pm | മരങ്ങോലി ഇടവകയിൽ വെള്ളൂപ്പാടത്ത് ജോൺ ഉലഹന്നാന്റെ മൃതശരീരത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6.45 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ദൈവാലയത്തിൽ മേജർ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് നൽകിയ സ്വീകരണയോഗത്തിൽ ആശംസകൾ അറിയിച്ചു. |
| | 09.00 pm | പാദുവ ഇടവകയിൽ മാമ്പുഴയ്ക്കൽ ഡോ. കുര്യന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 14 | 09.15 am | അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്റൻസീവ് ഹോം മിഷന് ഒരുക്കമായ രണ്ടാം ബാച്ചിന്റെ പരിശീലനപരിപാടി സമാപനയോഗത്തിൽ സംസാരിച്ചു. |
| | 10.00 am | കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ദൈവവിളി ആഭിമുഖ്യമുള്ള കുട്ടികളെ ഇന്റർവ്യൂ നടത്തി. |
| | 02.00 pm | ബിഷപ്സ് ഹൗസിൽ അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |

| | | |
|---|---|---|
| | 03.00 pm | മരങ്ങോലി ഇടവകയിൽ ബഹു. മാണി കൊഴുപ്പൻകുറ്റി അച്ചന്റെ പിതാവ് കെ.എം. തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 15 | 10.00 am | പാലാ കത്തീഡ്രലിൽ സി.എം.സി പാലാ ജയമാതാ പ്രൊവിൻസിലെ സമർപ്പിതരുടെ പ്രഥമവ്രതവാഗ്ദാന സഭാവസ്ത്രസ്വീകരണത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 16 | 09.30 | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 pm | പൈക ഇടവകയിൽ സൊസൈറ്റി ഓഫ് സെന്റ് പോൾസ് എറണാകുളം സഭാംഗമായ പാറേക്കാട്ട് വെച്ചൂർ ബഹു. പോളച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.00 pm | ഭരണങ്ങാനം DST ജനറലേറ്റിൽ DST സമർപ്പിതരുടെ പ്രഥമവ്രതവാഗ്ദാന സഭാവസ്ത്രസ്വീകരണത്തിലും നിത്യവ്രതവാഗ്ദാനത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 17 | 09.30 am | രാമപുരം ഇടവകയിൽ Ex. MLA ജോസഫ് വാഴയ്ക്കമലയുടെ പിതാവ് വി. ആർ ആഗസ്തിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 18 | 12.00 pm | അരുണാപുരം ഇടവകയിൽ നരിവേലിൽ മേരിക്കുട്ടിയുടെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 4.30 pm | കാക്കൂർ പള്ളിയുടെ നവീകരിക്കപ്പെട്ട സങ്കീർത്തിയും രൂപങ്ങളും പുതുതായി നിർമ്മിക്കപ്പെട്ട കൽവിളക്കും ആശീർവദിച്ചു. |
| 20 | 10:45 am | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 pm | നീറന്താനം ഇടവകയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 6.45 pm | തോടനാൽ പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർത്ഥനയിലും സംബന്ധിച്ചു. |

| | | |
|---|---|---|
| 21 | 07.45 am | തോടനാൽ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| 22 | 10.30 am | നെല്ലിയാനി SABS മഠത്തിൽ SABS സമർപ്പിതരുടെ പ്രഥമവ്രതവാഗ്ദാന സഭാവസ്ത്രസ്വീകരണത്തിലും സുവർണ്ണജൂബിലി ആഘോഷത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു. |
| 23 | 10.00 am | അരുവിത്തുറ പള്ളിയിൽ മുഖ്യതിരുനാൾ ദിനത്തിൽ സുറിയാനി കുർബാന അർപ്പിച്ചു. |
| 24 | 03.30 pm | കൈപ്പള്ളി ഇടവകയിൽ ഹോം പാലാ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട ഭവനം ആശീർവദിച്ചു. |
| 25 | 05.00 pm | കളത്തൂർ പള്ളിയിൽ കല്ലുങ്കൽ ബിലാസിന്റെ അഞ്ചാമത്തെ കുട്ടിക്ക് പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| 26 | 09.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 27 | 9.00 am | മണിമല ഫൊറോനയിൽ ഏറത്തേടത്ത് അന്നമ്മ ചെറിയാന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 5.30 pm | മൂലമറ്റം ഫൊറോനയുടെ ജൂബിലി സമാപനയോഗം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. |
| | 7.00 pm | കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ ദീപിക കൊച്ചേട്ടൻ ഫാ. റോയി കണ്ണൻചിറയുടെ നേതൃത്വത്തിൽ കുട്ടികൾക്കായി നടത്തപ്പെട്ട മെഗാ ജെംസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 28 | 5.00 pm | മംഗളാരാം പള്ളിയുടെ പുതുതായി നിർമ്മിക്കപ്പെട്ട സെമിത്തേരി ചാപ്പൽ ആശീർവദിച്ചു. |
| 30 | 10.00 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ Commission for Family, Laity and Life ന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 5.00 pm | പൂവത്തോട് ഇടവകയിൽ കോൺഗ്രിഗേഷൻ ഓഫ് നസറത്ത് സിസ്റ്റേഴ്സിന്റെ നവീകരിക്കപ്പെട്ട മഠം വെഞ്ചരിച്ചു. |



**പ്ലാശനാൽ പള്ളിയിൽ കുടക്കച്ചിറ അന്തോണിക്കത്തനാരുടെ പ്രതിമാനവെഞ്ചരിപ്പും ശ്രാദ്ധവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നപ്പോൾ**



**ബിഷപ്സ് ഹൗസിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ യോഗം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**



പറത്താനം സീ വ്യു എസ്റ്റേറ്റിൽ
2023 – 24 റീജൻസി ബാച്ചിന്റെ മാസധ്യാനം നടന്നപ്പോൾ







കരൂർ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ നടന്ന ദൈവവിളി ക്യാമ്പ്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദർശിച്ചപ്പോൾ

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# തോടനാൽ ഇടവക



2024
MAY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN















രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെടുന്ന ഹോം മിഷന് ഒരുക്കമായി ബഹു. സിസ്റ്റേഴ്സിന് രണ്ടു ബാച്ചുകളിലായി അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നൽകപ്പെട്ട പരിശീലനപരിപാടി

*Printed at St.Thomas Press, Palai and Published by Fr. John Pakkarampel*